# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA PKD(9)/1682/2021.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 15/01/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA PKD(9)/1682/2021. തീയ്യതി: 15/01/2022

## പാലക്കാട് ജില്ലയിലെ കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-02-2020 മുതൽ 20-11-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 23-11-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സതീശൻ .എൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 08-11-2021 | 23-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 08-11-2021 | 23-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ശ്രീ.നസ്സീർ .T.K ഓഡിറ്റ് ഓഫീസർ
2.ശ്രീ.ശിവപ്രസാദ്.M, അസി.ഓഡിറ്റ് ഓഫീസർ
3.ശ്രീ.കന്തസ്വാമി.I, ഓഡിറ്റർ
4.ശ്രീ.സന്ദീപ് K.V. ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.മണികണ്ഠൻ. | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.ആന്റണി.സി | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സുരേഷ്.ടി | അസി.സെക്രട്ടറി | 01-04-2019 | 12-12-2019 |
| ശ്രീമതി.പ്രിൻസി.എം.ഡി | അസി.സെക്രട്ടറി | 13-12-2019 | 31-03-2020 |
| ശ്രീ.സന്തോഷ് കുമാർ.സി.എസ് | അസി.എൻജിനിയർ | 01-04-2019 | 27-07-2019 |
| ശ്രീ.രാജൻ.എൻ.എ | അസി.എൻജിനിയർ | 28-07-2019 | 26-08-2019 |
| ശ്രീ.മുരളി.എ.എസ് | അസി.എൻജിനിയർ | 27-08-2019 | 20-02-2020 |
| ശ്രീ.രാജൻ.എൻ.എ | അസി.എൻജിനിയർ | 21-02-2020 | 31-03-2020 |
| ശ്രീ.അൽ ഉനൈസ് | കൃഷി ഓഫീസർ | 01-04-2019 | 28-11-2019 |
| ശ്രീ.മനോജ് ജോസഫ് | കൃഷി ഓഫീസർ | 29-11-2019 | 31-03-2020 |
| ഡോ.രാംകുമാർ | വെറ്റിനറി സർജ്ജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി.മിനിക്കുട്ടി.സി.കെ | ഹെഡ്മിസ്ട്രസ്സ് | 01-04-2019 | 31-03-2020 |
| ശ്രീ.നാരായണൻകുട്ടി | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി..വത്സലകുമാരി | ICDS സൂപ്പർ വൈസർ | 01-04-2019 | 31-03-2020 |
| ഡോ.സുനിൽകുമാർ.കെ.വി | Mo(phc) | 01-04-2019 | 31-03-2020 |
| ഡോ.ജസീല | Mo(Homeo) | 01-04-2019 | 31-03-2020 |
| ഡോ.അസ്മാബി | MO (ISM) | 01-04-2019 | 31-03-2020 |
| ശ്രീമതി.ശ്യാമ .എം.എ | ഡി.ഇ.ഒ | 01-04-2019 | 12-06-2019 |

| | | | |
|---|---|---|---|
| ശ്രീമതി.പ്രിയ | ഡി.ഇ.ഒ | 13-06-2019 | 30-06-2019 |
| ശ്രീ.ജയകുമാർ.ആർ.ജി | ഡി.ഇ.ഒ | 01-07-2019 | 31-03-2020 |

-

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: T.K.Naseer (Audit Officer, On 08-11-2021)<br>Last Updated By: Haseena KU (Computer Assistant, On 13-01-2022) | 1-1 |
| 2 | നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ നടപടിക്രമങ്ങൾ പാലിച്ചില്ല<br>Written By: T.K.Naseer (Audit Officer, On 08-11-2021)<br>Last Updated By: Haseena KU (Computer Assistant, On 13-01-2022) | 1-1-1 |
| 3 | യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുന്നില്ല<br>Written By: T.K.Naseer (Audit Officer, On 08-11-2021)<br>Last Updated By: Haseena KU (Computer Assistant, On 15-01-2022) | 1-1-2 |
| 4 | വാർഷികധനകാര്യപത്രിക<br>Written By: Kanthaswami.I (Auditor, On 09-11-2021)<br>Last Updated By: Haseena KU (Computer Assistant, On 15-01-2022) | 1-2 |
| 5 | വാർഷിക കണക്ക്-അപാകതകൾ<br>Written By: Kanthaswami.I (Auditor, On 09-11-2021)<br>Last Updated By: Haseena KU (Computer Assistant, On 13-01-2022) | 1-2-1 |
| 6 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Kanthaswami.I (Auditor, On 09-11-2021)<br>Last Updated By: Haseena KU (Computer Assistant, On 13-01-2022) | 1-3 |
| 7 | ഫണ്ട് വിനിയോഗം<br>Written By: T.K.Naseer (Audit Officer, On 08-11-2021)<br>Last Updated By: Haseena KU (Computer Assistant, On 13-01-2022) | 1-4 |
| 8 | ഫണ്ട് വിനിയോഗം-2.32 കോടി ലാപ്സാക്കി<br>Written By: T.K.Naseer (Audit Officer, On 08-11-2021)<br>Last Updated By: Haseena KU (Computer Assistant, On 13-01-2022) | 1-4-1 |
| 9 | പദ്ധതി അവലോകനം<br>Written By: T.K.Naseer (Audit Officer, On 08-11-2021)<br>Last Updated By: Haseena KU (Computer Assistant, On 13-01-2022) | 1-5 |
| 10 | പദ്ധതി അവലോകനം -മോണിട്ടറിങ് കാര്യക്ഷമമാക്കണം<br>Written By: T.K.Naseer (Audit Officer, On 12-11-2021)<br>Last Updated By: T.K.Naseer (Audit Officer, On 15-01-2022) | 1-5-1 |
| 11 | തൊഴിലുറപ്പ് പദ്ധതി<br>Written By: T.K.Naseer (Audit Officer, On 08-11-2021)<br>Last Updated By: Haseena KU (Computer Assistant, On 13-01-2022) | 1-6 |
| 12 | തൊഴിലുറപ്പ് പദ്ധതി അവലോകനം<br>Written By: T.K.Naseer (Audit Officer, On 12-11-2021)<br>Last Updated By: Haseena KU (Computer Assistant, On 13-01-2022) | 1-6-1 |
| 13 | സർക്കാർ ക്ഷേമ പദ്ധതികൾ<br>Written By: T.K.Naseer (Audit Officer, On 08-11-2021)<br>Last Updated By: Haseena KU (Computer Assistant, On 13-01-2022) | 1-7 |
| 14 | ക്യാഷ് വേരിഫിക്കേഷൻ<br>Written By: Sandeep KV (Auditor, On 09-11-2021)<br>Last Updated By: Haseena KU (Computer Assistant, On 13-01-2022) | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം<br>Written By: T.K.Naseer (Audit Officer, On 08-11-2021)<br>Last Updated By: T.K.Naseer (Audit Officer, On 12-11-2021) | 1-9 |

| | | |
|---|---|---|
| 16 | മറ്റ് ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: T.K.Naseer (Audit Officer, On 08-11-2021)<br>Last Updated By: Haseena KU (Computer Assistant, On 13-01-2022) | 1-10 |
| 17 | കെട്ടിടനിർമ്മാണ അനുമതി രജിസ്റ്റർ- കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്<br>Written By: Sandeep KV (Auditor, On 23-11-2021)<br>Last Updated By: Haseena KU (Computer Assistant, On 13-01-2022) | 1-11 |
| 18 | ബിൽഡിംഗ് പെർമിറ്റ് - പെർമിറ്റ് അപേക്ഷകളിൽ സമയക്രമം പാലിക്കുന്നില്ല.<br>Written By: Sandeep KV (Auditor, On 23-11-2021)<br>Last Updated By: Haseena KU (Computer Assistant, On 13-01-2022) | 1-12 |
| 19 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ് .<br>Written By: Sandeep KV (Auditor, On 23-11-2021)<br>Last Updated By: Haseena KU (Computer Assistant, On 13-01-2022) | 1-13 |
| 20 | ദുരിദാശ്വാസ നിധി കാര്യക്ഷമമാക്കണം<br>Written By: T.K.Naseer (Audit Officer, On 22-11-2021)<br>Last Updated By: Haseena KU (Computer Assistant, On 13-01-2022) | 1-14 |
| 21 | അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ മിശ്രിതം ഗുണമേന്മ പരിശോധിച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്<br>Written By: Kanthaswami.I (Auditor, On 23-11-2021)<br>Last Updated By: Haseena KU (Computer Assistant, On 13-01-2022) | 1-15 |
| 22 | അങ്കണവാടി പോഷകാഹാരം - ന്യൂട്രിമിക്സ് വാങ്ങൽ -ജി.എസ്.ടി ടി.ഡി.എസ് ഈടാക്കിയില്ല<br>Written By: Kanthaswami.I (Auditor, On 23-11-2021)<br>Last Updated By: Haseena KU (Computer Assistant, On 13-01-2022) | 1-16 |
| 23 | കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്<br>Written By: Kanthaswami.I (Auditor, On 23-11-2021)<br>Last Updated By: Haseena KU (Computer Assistant, On 13-01-2022) | 1-17 |
| 24 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- അധികനിരക്കിൽ സബ്സിഡി അനുവദിച്ചത്<br>Written By: Kanthaswami.I (Auditor, On 23-11-2021)<br>Last Updated By: Haseena KU (Computer Assistant, On 13-01-2022) | 1-18 |
| 25 | എസ് എസ് എ-പദ്ധതി-മോണിട്ടറിങ് കാര്യക്ഷമമാക്കണം<br>Written By: Kanthaswami.I (Auditor, On 23-11-2021)<br>Last Updated By: Haseena KU (Computer Assistant, On 13-01-2022) | 1-19 |
| 26 | ടെണ്ടർ നടപടിക്രമങ്ങൾ സ്വീകരിക്കാതെ KSIE എന്ന സ്ഥാപനത്തിൽ നിന്നും നിന്നും തെരുവ് വിളക്കുകൾ വാങ്ങിയത് ക്രമപ്രകാരമല്ല<br>Written By: M.sivaprasad (Asst. Audit Officer, On 23-11-2021)<br>Last Updated By: Haseena KU (Computer Assistant, On 13-01-2022) | 1-20 |
| 27 | അസാധാരണ ചെലവുകൾ - ചട്ടങ്ങൾ പ്രകാരമുള്ള രേഖകൾ സൂക്ഷിക്കേണ്ടതാണ്<br>Written By: M.sivaprasad (Asst. Audit Officer, On 23-11-2021)<br>Last Updated By: Haseena KU (Computer Assistant, On 13-01-2022) | 1-21 |
| 28 | അസിസ്റ്റന്റ് സെക്രട്ടറിയുടെ പ്രൊജക്ടുകൾ നടപ്പാക്കാതിരുന്നതിനാൽ SCP | 1-22 |

| | | |
|---|---|---|
| | ഫണ്ട് ലാപ്സ് ആയി<br>Written By: M.sivaprasad (Asst. Audit Officer, On 22-11-2021)<br>Last Updated By: Haseena KU (Computer Assistant, On 13-01-2022) | |
| 29 | ഡെപ്പോസിറ്റ് പ്രവൃത്തി- കേരള വാട്ടർ അതോറിറ്റി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.<br>Written By: M.sivaprasad (Asst. Audit Officer, On 22-11-2021)<br>Last Updated By: Haseena KU (Computer Assistant, On 13-01-2022) | 1-23 |
| 30 | ഡെപ്പോസിറ്റ് പ്രവൃത്തി- KSEB-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.<br>Written By: M.sivaprasad (Asst. Audit Officer, On 22-11-2021)<br>Last Updated By: Haseena KU (Computer Assistant, On 13-01-2022) | 1-24 |
| 31 | ഐ.കെ.എം, സോഷ്യൽ സെക്യൂരിറ്റി മിഷൻ എന്നീ സ്ഥാപനങ്ങൾക്ക് നൽകിയ തുകയുടെ ധനവിനിയോഗം ലഭ്യമാക്കിയില്ല.<br>Written By: M.sivaprasad (Asst. Audit Officer, On 22-11-2021)<br>Last Updated By: Haseena KU (Computer Assistant, On 13-01-2022) | 1-25 |
| 32 | തൊഴിൽ രഹിത വേതനം - സാക്ഷ്യപത്രം പ്രകാരമുള്ള വരുമാനം ഉറപ്പാക്കിയിട്ടില്ല<br>Written By: M.sivaprasad (Asst. Audit Officer, On 23-11-2021)<br>Last Updated By: Haseena KU (Computer Assistant, On 13-01-2022) | 1-26 |
| 33 | ഇ-ടെൻണ്ടർ -ടെൻണ്ടർ ഫീ ജില്ലാപഞ്ചായത്തിൽ നിന്ന് ലഭ്യമാക്കണം<br>Written By: T.K.Naseer (Audit Officer, On 22-11-2021)<br>Last Updated By: Haseena KU (Computer Assistant, On 13-01-2022) | 1-27 |
| 34 | MGNREGS ന് നൽകിയ മുൻകൂർ ക്രമീകരിക്കണം<br>Written By: T.K.Naseer (Audit Officer, On 24-11-2021)<br>Last Updated By: Haseena KU (Computer Assistant, On 13-01-2022) | 1-28 |
| 35 | മരാമത്ത് പ്രവർത്തി -അവലോകനം<br>Written By: T.K.Naseer (Audit Officer, On 24-11-2021)<br>Last Updated By: Haseena KU (Computer Assistant, On 13-01-2022) | 1-29 |
| 36 | മരാമത്ത് പ്രവർത്തികൾ -രജിസ്റ്ററുകളുടെ സൂക്ഷിപ്പ് -അപാകതകൾ<br>Written By: T.K.Naseer (Audit Officer, On 24-11-2021)<br>Last Updated By: Haseena KU (Computer Assistant, On 13-01-2022) | 1-29-1 |
| 37 | മരാമത്ത് പ്രവർത്തികൾ -PWD മാന്വൽ പാലിക്കാതെ നിർവ്വഹണം നടത്തി<br>Written By: T.K.Naseer (Audit Officer, On 24-11-2021)<br>Last Updated By: Haseena KU (Computer Assistant, On 13-01-2022) | 1-30 |
| 38 | മരാമത്ത് പ്രവർത്തി-പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കൽ നടപടി ക്രമങ്ങൾ പാലിക്കണം<br>Written By: T.K.Naseer (Audit Officer, On 24-11-2021)<br>Last Updated By: Haseena KU (Computer Assistant, On 13-01-2022) | 1-31 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം<br>Written By: Sandeep KV (Auditor, On 09-11-2021)<br>Last Updated By: Haseena KU (Computer Assistant, On 13-01-2022) | 4-1 |

| | | |
|---|---|---|
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sandeep KV (Auditor, On 09-11-2021)<br>Last Updated By: Haseena KU (Computer Assistant, On 13-01-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sandeep KV (Auditor, On 09-11-2021)<br>Last Updated By: Haseena KU (Computer Assistant, On 13-01-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Sandeep KV (Auditor, On 09-11-2021)<br>Last Updated By: Sandeep KV (Auditor, On 09-11-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Sandeep KV (Auditor, On 09-11-2021)<br>Last Updated By: T.K.Naseer (Audit Officer, On 12-11-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Sandeep KV (Auditor, On 09-11-2021)<br>Last Updated By: Sandeep KV (Auditor, On 09-11-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sandeep KV (Auditor, On 09-11-2021)<br>Last Updated By: Haseena KU (Computer Assistant, On 13-01-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Sandeep KV (Auditor, On 09-11-2021)<br>Last Updated By: T.K.Naseer (Audit Officer, On 12-11-2021) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Sandeep KV (Auditor, On 09-11-2021)<br>Last Updated By: T.K.Naseer (Audit Officer, On 12-11-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sandeep KV (Auditor, On 09-11-2021)<br>Last Updated By: Haseena KU (Computer Assistant, On 15-01-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Sandeep KV (Auditor, On 09-11-2021)<br>Last Updated By: Haseena KU (Computer Assistant, On 15-01-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്ക് സംക്ഷിപ്തം | |

## ഭാഗം -1

### 1-1 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016 /ത.സ്വ.ഭ.വ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ ' അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതികൾ ബജറ്റിന്റെ ഭാഗമാക്കിയിട്ടുണ്ട്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

08-02-2019-ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. (1) പ്രകാരം 2019-20 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ച ബജറ്റ് 02-03-2020 ന് പാസാക്കിയിട്ടുണ്ട് .

### 1-1-1 നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ നടപടിക്രമങ്ങൾ പാലിച്ചില്ല

ബജറ്റ് ഫയലും മിനിറ്റ്സുകളും പരിശോധിച്ചതിൽ ഘടക സ്ഥാപന മേധാവികളോട് നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ നിർവ്വഹണോദ്യോഗസ്ഥരോട് സെക്രട്ടറി രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രൊപ്പോസലുകൾ ലഭ്യമായതായി കാണുന്നില്ല. ബജറ്റ് തയ്യാറാക്കുന്നതിൽ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ കണക്കിലെടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും പദ്ധതി-പദ്ധതിയേതര നിർദ്ദേശങ്ങൾ ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും ബജറ്റ് മാന്വലിൽ നിർദ്ദേശിക്കപ്പെട്ട സമയക്രമം പാലിച്ചതായും കാണുന്നില്ല.

തുടർവർഷങ്ങളിൽ ബജറ്റ് നടപടികളുടെ സമയക്രമം പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-1-2 യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുന്നില്ല

2019-20 വർഷത്തെ ബജറ്റ് പ്രകാരമുള്ള വരവും ചെലവും വാർഷിക കണക്ക് പ്രകാരമുള്ള യഥാർത്ഥ വരവും ചെലവും തമ്മിൽ ഭീമമായ അന്തരം ഉള്ളതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം | യഥാർത്ഥ തുക |
|---|---|---|
| തൻവർഷത്തെ ആകെ വരവ് | 286050734 | 138705529 |
| തൻവർഷത്തെ ആകെ ചെലവ് | 282409000 | 98557834 |
| നീക്കിയിരിപ്പ് | 3641734 | 40147695 |

പുതിയ ധനാഗമ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉയർന്നു വന്നതായും കാണുന്നില്ല. വിവിധയിനം വരവുകളും ചെലവുകളും ബജറ്റിൽ ഉൾപ്പെടുത്തുന്നത് ക്രിയാത്മക ചർച്ചയിലൂടെയാകേണ്ടതും യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2020 | 08-07-2020 | ----- | ----- |

1-2-1 വാർഷിക കണക്ക്-അപാകതകൾ

1) MGNREGS അഡ്മിനിസ്ട്രേഷൻ വരവ് വാർഷിക കണക്കിൽ 38,79,304/- രൂപയാണ് എന്നാൽ ക്യാഷ് ബുക്കിൽ 8,47,123/- രൂപയാണ്. വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല. വാർഷിക കണക്കിൽ (RP-16) 12,03,840/- രൂപയാണ് ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ യഥാർത്ഥ അഡ്മിനിസ്ട്രേഷൻ ചെലവ് 8,29,824/- രൂപയാണ് .

2) I&E Shedule 1(6) ൽ MGNREGS ആകെ ചെലവ് 12,87,40,686/- രൂപയാണ്. എന്നാൽ ക്യാഷ് ബുക്ക് പ്രകാരം 2,71,50,282/- രൂപയാണ്. വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.
3) RP-40 ൽ "Capital Work In Progress " എന്ന ശീർഷകത്തിൽ 15,17,174/- രൂപ ക്രമീകരിച്ചിട്ടില്ല.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 40871422 |
| വരവ് | 97834107 |
| ആകെ | 138705529 |
| ചെലവ് | 98557834 |
| നീക്കിയിരിപ്പ് | 40147695 |

1-4 ഫണ്ട് വിനിയോഗം

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | സി.ബി | ചെലവ്% |
|---|---|---|---|---|---|---|
| പ്ലാൻ(ജനറൽ) | 0 | 15565512 | 15565512 | 12893413 | 2672099 | 83% |
| പ്ലാൻ (SCP) | 0 | 8448588 | 8448588 | 4935516 | 3513072 | 58% |
| പ്ലാൻ (TSP) | 0 | 1590588 | 1590588 | 1054467 | 536121 | 66% |
| CFC (BASIC) | 0 | 14497574 | 14497574 | 7703024 | 6794550 | 53% |
| റോഡ് (MG) | 0 | 11157000 | 11157000 | 4492008 | 6664992 | 40% |
| റോഡിതരം(MG) | 0 | 5486000 | 5486000 | 2386932 | 3099068 | 44% |

കേന്ദ്രാവിഷ്കൃതം

1. ICDS

| | | | | | |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 965392 | 2115518 | 3080910 | 2256989 | 823921 |

2. തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്- | 9579 | 5633919* | 5643498 | 5616620 | 26878 |

| | | | | | |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | | | | | |
| എം.എൻ.ആർ.ഇ.ജി.എസ്- തൊഴിലാളികളുടെവേതനം | 0 | 123124066* | 123124066 | 123124066 | 0 |

(*യഥാർത്ഥ (26290458) വരവ് ചെലവുമായി പൊരുത്തപ്പെടുന്നില്ല)

3. ശുചിത്വ ഫണ്ട്

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സമ്പൂർണ്ണ ശുചിത്വം-TSC | 2899513 | 0 | 2899513 | 377476 | 2522037 |
| BRGF | 3760 | 0 | 3760 | 0 | 3760 |

സസ്ഥാനാവിഷ്കൃതം

ശുചിത്വ മിഷൻ ഗ്രാന്റ്

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ശുചിത്വമിഷൻ | 70936 | 0 | 70936 | 20475 | 50461 |

ലൈഫ് മിഷൻ

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ലൈഫ് ഭവനപദ്ധതി | 0 | 17400000 | 1740000 | 1740000 | 0 |

സംയുക്ത പ്രോജക്ടുകൾ

| സ്ഥാപനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക്* | 857562 | 2773301 | 3630863 | 2300365 | 1300498 |
| ജില്ല* | 367980 | 2147055 | 2515035 | 2225745 | 289290 |

(*യഥാർത്ഥ വരവ് ചെലവുമായി പൊരുത്തപ്പെടുന്നില്ല)

1-4-1 ഫണ്ട് വിനിയോഗം-2.32 കോടി ലാപ്സാക്കി

സാമ്പത്തിക വർഷം ലഭ്യമായ സർക്കാർ ഗ്രാന്റ് വിനിയോഗം ചുവടെ ചേർക്കുന്നു.

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| പ്ലാൻ (ജനറൽ) | 0 | 15565512 | 15565512 | 12893413 | 2672099 |
| പ്ലാൻ (SCP) | 0 | 8448588 | 8448588 | 4935516 | 3513072 |
| പ്ലാൻ (TSP) | 0 | 1590588 | 1590588 | 1054467 | 536121 |
| CFC (BASIC ) | 0 | 14497574 | 14497574 | 7703024 | 6794550 |
| CFC (TIED) | 0 | 0 | 0 | 0 | 0 |
| റോഡ് (MG) | 0 | 11157000 | 11157000 | 4492008 | 6664992 |
| റോഡിതരം (MG) | 0 | 5486000 | 5486000 | 2386932 | 3099068 |
| ആകെ | 0 | 56745262 | 56745262 | 33465360 | 23279902 |

ആകെ 5.67 കോടി സർക്കാർ ഗ്രാന്റ് ലഭ്യമാക്കിയതിൽ 3.34 കോടി മാത്രമാണ് ചെലവഴിക്കപ്പെട്ടിട്ടുള്ളത്. 2.32 കോടി ലാപ്സായി. സ്റ്റാന്റിങ് കമ്മിറ്റികളുടെ മോണിട്ടറിങ്ങിലെ അപാകതയാണ് ഇത്തരമൊരു സ്ഥിതിവിശേഷത്തിന് കാരണം. മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ(എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 316 | 133190283 | 164 | 80648693 | 0 | 152 | 51.8% |

അംഗീകാരം ലഭ്യമായ പ്രോജക്ടുകളിൽ 71% എണ്ണത്തിന് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 42% തുക മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

## 1-5-1 പദ്ധതി അവലോകനം -മോണിട്ടറിങ് കാര്യക്ഷമമാക്കണം

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിവരം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | പ്രോജക്ടുകൾ | നിർവ്വഹണം നടത്തിയത് | നടപ്പിലാക്കാത്തവ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 17 | 12 | 5 | 6475249 | 1355794 | 21% |
| വെറ്റിനറി സർജ്ജൻ | 7 | 5 | 2 | 3685000 | 1444234 | 39% |
| MO (PHC) | 10 | 9 | 1 | 1255630 | 861841 | 69% |
| MO (HOMEO) | 2 | 2 | 0 | 310000 | 293068 | 95% |
| MO (AYUR) | 4 | 4 | 0 | 1420000 | 1405700 | 99% |
| VEO | 13 | 9 | 4 | 56503534 | 43929773 | 78% |
| ICDS | 9 | 6 | 3 | 7885000 | 5995394 | 76% |
| DEO | 2 | 2 | 0 | 1650000 | 197783 | 12% |
| സെക്രട്ടറി | 45 | 25 | 20 | 12567912 | 7759090 | 62% |
| അസി.എൻജി. | 188 | 78 | 110 | 35579772 | 14147909 | 39% |
| ഹെഡ് മാസ്റ്റർ | 11 | 9 | 2 | 2235000 | 1914157 | 86% |
| അസി.സെക്രട്ടറി | 8 | 3 | 5 | 3623180 | 1343950 | 37% |
| ആകെ | 316 | 164 | 152 | 133190283 | 80648693 | 61% |

അതാതു സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനി സ്ട്രേറ്റീവ് | 9579 | 5633919 | 1729749 | 5651218 | 26878 |

| | | | | | |
|---|---|---|---|---|---|
| ചെലവ് | | | | | |
| എം.എൻ.ആർ.ഇ.ജി.എസ്- തൊഴിലാളി കളുടെ വേതനം | 0 | 123089468 | 123089468 | 123089468 | 0 |
| ആകെ | 9579 | 128723387 | 128732966 | 128740686 | 26878 |

(വരവ് ചെലവുകൾ വാർഷികകണക്കും ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല. ക്യാഷ് ബുക്ക് പ്രകാരം ആകെ വരവ് 2,71,37,581/- രൂപയും ആകെ ചെലവ് 2,71,50,282/- രൂപയും ആണ്. വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല)

## 1-6-1 തൊഴിലുറപ്പ് പദ്ധതി അവലോകനം

2019-20 വർഷത്തിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ തൊഴിൽ ലഭിക്കുന്നതിനായി രജിസ്റ്റർ ചെയ്തത് ആകെ 2139 കുടുംബങ്ങളാണ്. എല്ലാവർക്കും തൊഴിൽ കാർഡ് ലഭിച്ചിട്ടുണ്ട്. തൻവർഷം അംഗീകാരം ലഭിച്ച 1085 പദ്ധതികളിൽ 129 എണ്ണമാണ് തൻവർഷം പൂർത്തീകരിച്ചിട്ടുള്ളത്. 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങൾ 73 ആണ്. മെറ്റീരിയൽ പ്രവൃത്തികൾ 40 എണ്ണം നടപ്പിലാക്കിയിട്ടുണ്ട്. നടപ്പാക്കിയ പ്രവൃത്തികളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു

| പ്രവൃത്തി ഉൾപ്പെടുന്ന വിഭാഗം | നടപ്പിലാക്കിയ പ്രവൃത്തികളുടെ എണ്ണം |
|---|---|
| മണ്ണ്- ജല സംരക്ഷണം | -- |
| ചെറുകിട ജലസേചനം | -- |
| പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഭൂമിയിൽ ജല സംരക്ഷണം, ഭൂവികസനം | -- |
| പരമ്പരാഗത ജല സ്രോതസ്സുകളുടെ പുനരുദ്ധാരണം | -- |
| ഭവന നിർമ്മാണം ഉൾപ്പെടെ മറ്റു പ്രവൃത്തികൾ | 14 |
| ഭൂവികസനം | -- |
| റോഡ് നിർമ്മാണം | 26 |

അംഗീകാരം ലഭിക്കുന്ന പദ്ധതികൾ പരമാവധി നടപ്പിലാക്കുന്നതിനും തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾക്ക് വർഷത്തിൽ 100 ദിവസത്തെ തൊഴിൽ എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനും വരും വർഷങ്ങളിൽ പദ്ധതി നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

## 1-7 സർക്കാർ ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 119160 | 35 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 1875600 | 956 |
| 3 | വിധവാ പെൻഷൻ | 9094800 | 3779 |
| 4 | വാർദ്ധക്യകാല പെൻഷൻ | 14005800 | 6943 |
| 5 | വികലാംഗ പെൻഷൻ | 1799100 | 899 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 517800 | 68 |
| 7 | വിവാഹ ധനസഹായം | 60000 | 2 |

### 1-8 ക്യാഷ് വേരിഫിക്കേഷൻ

1994 – ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08-11-2021 -ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 8,435/-രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

### 1-9 ആഭ്യന്തര നിയന്ത്രണം

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുള്ള ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഓഫീസ് ഉത്തരവു പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം തൃപ്തികരമായ രീതിയിൽ നടത്തിയിട്ടുണ്ട്.
വസ്തു നികുതി, തൊഴിൽ നികുതി എന്നിവ പിരിച്ചെടുക്കുന്നതിൽ സെക്ഷനുകൾ കൃത്യത ഉറപ്പാക്കുന്നുണ്ടോ എന്ന് മേലുദ്യോഗസ്ഥർ പരിശോധിക്കാത്തതിനാൽ നികുതിയിനത്തിൽ കുറവുണ്ടാകുന്നുണ്ട്. സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുമ്പോൾ കാലാകാലങ്ങളിലെ നിയമങ്ങളും ചട്ടങ്ങളും പ്രകാരം ഉറപ്പാക്കേണ്ട നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സംയുക്ത പ്രോജക്റ്റുകൾക്കായി ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും ലഭ്യമായ തുകയുടെ വിവരം രേഖപ്പെടുത്തി സൂക്ഷിക്കുകയോ ബാക്കി തുക തിരിച്ചടയ്ക്കുകയോ ചെയ്തിട്ടില്ല. വായ്പാ തുകയുടെ തിരിച്ചടവിന്റെ കൃത്യത നിരീക്ഷിക്കുന്നതിനായി പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
വിവിധ സെക്ഷനുകൾക്ക് ഏൽപ്പിച്ചു നൽകുന്ന ചുമതലകൾ സമയബന്ധിതമായി നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാനായി ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമാക്കേണ്ടതാണ്.

### 1-10 മറ്റ് ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 5.11.2021 | 8/21 മുതൽ 9/21 വരെ | 6.11.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.7.2005 മുതൽ 30.7.2005 വരെ | 1997 മുതൽ 2005 വരെ | 2.3.2006 |

### 1-11 കെട്ടിടനിർമ്മാണ അനുമതി രജിസ്റ്റർ- കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ കെട്ടിടനിർമ്മാണ അനുമതി രജിസ്റ്റർ പരിശോധിച്ചതിൽ വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല എന്ന് കാണുന്നു. കെട്ടിട നിർമ്മാണ അനുമതി വിവരങ്ങൾ വരെ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വസ്തു നികുതി നിർണ്ണയ നമ്പർ മുതലായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. ഇതിനാൽ പെർമിറ്റിൻമേലുള്ള തുടർനടപടികൾ കൃത്യമായി മനസ്സിലാക്കാൻ സാധിക്കാതെ വരുന്നു. കെട്ടിടനിർമ്മാണ പെർമിറ്റിന്റെ കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിച്ച് വസ്തുനികുതി നിർണ്ണയ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കാത്തവയുടെ പെർമിറ്റ് പുതുക്കിയിട്ടുണ്ടോ എന്നും പഞ്ചായത്തിന് ഉറപ്പ് വരുത്താൻ സാധിക്കുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 26/20.11.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-12 ബിൽഡിംഗ് പെർമിറ്റ് - പെർമിറ്റ് അപേക്ഷകളിൽ സമയക്രമം പാലിക്കുന്നില്ല.

കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ, സങ്കേതം സോഫ്റ്റ്വെയർ എന്നിവ പരിശോധിച്ചതിൽ കെട്ടിടനിർമ്മാണ അനുമതി നൽകുന്നതിനായുള്ള സമയക്രമം പാലിച്ചിട്ടില്ല. 2011 ലെ കെട്ടിടനിർമ്മാണ ചട്ടങ്ങൾ ചട്ടം 14, G.O.(P) No.78/2019/LSGD.Dated 2nd November, 2019 എന്നിവ പ്രകാരം ബിൽഡിംഗ് പെർമിറ്റിനുള്ള അപേക്ഷകളിൻമേൽ പതിനഞ്ച് ദിവസത്തിനകം നടപടികൾ സ്വീകരിക്കേണ്ടതാണ്. എന്നാൽ രജിസ്റ്റർ പരിശോധിച്ചതിൽ അപേക്ഷ ലഭിച്ച് ഒരു വർഷം കഴിഞ്ഞിട്ടാണ് പെർമിറ്റ് അനുവദിച്ചിരിക്കുന്നത്. ഏതാനും അപേക്ഷകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷകൻ | അപേക്ഷ തീയതി | പെർമിറ്റ് നൽകിയതിന്റെ വിവരങ്ങൾ |
|---|---|---|---|
| 1 | Annakutty | 01.10.2018 | A1-BA(269530)/19 Dated 27.10.2019 |
| 2 | Muhammad | 27.11.2018 | A1-BA(176801)/19 Dated 04.07.2019 |
| 3 | Muhammad Saddique | 20.04.2019 | A1-BA(327763)/19 Dated 16.11.2019 |
| 4 | Najimudheen | 03.05.2019 | A1-BA(9199)/20 Dated 06.03.2020 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 25/20.11.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പെർമിറ്റ് നൽകുന്നതിനുണ്ടായ കാലതാമസത്തിന് മറുപടിലഭ്യമാക്കേണ്ടതും സമയപരിധിക്കകം പെർമിറ്റ് നൽകുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.

1-13 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ് .

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം താഴെ പറയുന്ന വിധം ഡെപ്പോസിറ്റ് തുകകളുടെ നീക്കിയിരിപ്പ് കാണുന്നു. ഡെപ്പോസിറ്റ് രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. കോൺട്രാക്ടേഴ്സ് ഇ എം ഡി എന്ന ഇനത്തിൽ 20.02.2003 മുതലുള്ള ഡെപ്പോസിറ്റുകൾ ഇതിൽ ഉൾപ്പെടുന്നു. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | നീക്കിയിരിപ്പ് |
|---|---|---|
| 1 | കോൺട്രാക്ടേഴ്സ് ഇ എം ഡി | 243588 |
| 2 | സപ്ലയേഴ്സ് ഇ എം ഡി | 116807 |
| 3 | ബിഡ്ഡേഴ്സ് ഇ എം ഡി | 5000 |

| | | |
|---|---|---|
| 4 | കോൺട്രാക്ടേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 78608 |
| 5 | സപ്ലയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 111321 |
| 6 | കോൺട്രാക്ടേഴ്സ് റിറ്റൻഷൻ | 161517 |
| 7 | മറ്റ് ഡെപ്പോസിറ്റുകൾ | 60000 |
| 8 | റെന്റ് ഡെപ്പോസിറ്റ് | 2686 |
| 9 | മറ്റ് ഡെപ്പോസിറ്റ് വരവുകൾ | 28781 |

ഇതിൽ 3 വർഷം കഴിഞ്ഞിട്ടുള്ള ഡെപ്പോസിറ്റ് തുകകളെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം.32/22.11.2021)

## 1-14 ദുരിദാശ്വാസ നിധി കാര്യക്ഷമമാക്കണം

2003 കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാ രോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന ഗ്രാമ പഞ്ചായത്ത് നിവാസികളും നിർധനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി ഒരു പ്രമേയം മൂലം മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. കലാ കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവർ അടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് 500 രൂപ വരെ അടിയന്തിരസഹായം നൽകാൻ ചട്ടം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച് ബാങ്ക് അക്കൗണ്ട്, തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്. സമൂഹത്തിലെ ജനങ്ങൾക്ക് ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നല്ലാതെ ധനസഹായം ലഭ്യമാകുന്നതിനുള്ള ദുരിതാശ്വാസ നിധി സജീവമാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

ഇതിന് വേണ്ടിയുള്ള പഞ്ചായത്ത് ബാങ്ക് അക്കൗണ്ട് (PSCB 10568 )പരിശോധിച്ചതിൽ 2019-20 ൽ മുന്നിരിപ്പ് 2170 രൂപ മാത്രമാണ് ഉള്ളത്, തൻവർഷം വരവൊന്നുമില്ല.

## 1-15 അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ മിശ്രിതം ഗുണമേന്മ പരിശോധിച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്

സാമൂഹ്യ ക്ഷേമ ഡയറക്ടറുടെ 18.12.2010 ലെ ICDS.ബി.3-312/2010 നമ്പർ കത്ത് പ്രകാരം ശിശുവികസന/പ്രോഗ്രാം ഓഫീസർമാർക്ക് ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കി തൃപ്തികരമാണെന്നുള്ള റിപ്പോർട്ട്

ലഭ്യമാക്കണമെന്നും സാമ്പിളുകൾ തൃപ്തികരമല്ല എന്നാണ് ലാബ് റിപ്പോർട്ടെങ്കിൽ ഭക്ഷ്യ മിശ്രിതത്തിന്റെ വില ആയവ വിതരണം ചെയ്ത കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകേണ്ടതില്ല എന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ സാമൂഹ്യ നീതി ഡയറക്ടറേറ്റിൽ നിന്നുള്ള നം.ഐ.സി.ഡി.എസ്/-3458/12 തീ.26-3-13 കത്ത് പ്രകാരം അനുപൂരക പോഷകാഹാര പരിപാടിയുമായി ബന്ധപ്പെട്ട് അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ പദാർത്ഥങ്ങൾ കേന്ദ്ര സർക്കാരിന്റെ ഫുഡ് അനാലിസിസ് ബിൽ പരിശോധന നടത്തണമെന്ന കേന്ദ്ര നിർദ്ദേശം (02.11.12 ലെ D.O.No.114/2012-13/FN) അടിയന്തിരമായി നടപ്പിലാക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. ഭക്ഷ്യ പദാർത്ഥങ്ങളുടെ സാമ്പിൾ ഭാരത സർക്കാരിന്റെ ചെന്നൈയിലുള്ള റീജിയണൽ ക്വാളിറ്റി കൺട്രോൾ ലബോറട്ടറിയിൽ 250 രൂപയുടെ ഡി.ഡി. സഹിതം പരിശോധനക്ക് അയക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. (മേൽ ആവശ്യത്തിലേക്കുള്ള ചെലവ് കുടുംബശ്രീ യൂണിറ്റുകൾ തന്നെ വഹിക്കേണ്ടതാണ്) 2019-20 സാമ്പത്തിക വർഷത്തിൽ അങ്കണവാടികളുടെ ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതത്തിന്റെ ഗുണമേന്മ നിശ്ചയിക്കുന്നതിനായി സാമ്പിൾ അയച്ചിട്ടുണ്ടെങ്കിലും റിപ്പോർട്ട് ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.22/19.11.2021 – ന് ഭക്ഷ്യ മിശ്രിതത്തിന്റെ സാമ്പിളുകൾ അയച്ചുനൽകുന്നുണ്ടെങ്കിലും റിപ്പോർട്ട് ലഭിക്കുന്നില്ല എന്നും ശുചിത്വം ഉറപ്പുവരുത്തുന്നുണ്ടെന്നും ഐസിഡിഎസ് സൂപ്പർവൈസർ മറുപടി നൽകിയിട്ടുണ്ട്. ഗുണനിലവാരം ഉറപ്പാക്കി മാത്രം ന്യൂട്രിമിക്സ് വിതരണം ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 അങ്കണവാടി പോഷകാഹാരം - ന്യൂട്രിമിക്സ് വാങ്ങൽ -ജി.എസ്.ടി ടി.ഡി.എസ് ഈടാക്കിയില്ല

2019-20 സാമ്പത്തിക വർഷത്തിൽ അങ്കണവാടി പോഷകാഹാരം എന്ന പേരിൽ 3 പ്രോജക്റ്റുകൾ നടപ്പാക്കിയിട്ടുണ്ട്.

നിർവ്വഹണം - ഐ.സി.ഡി.എസ് സൂപ്പർവൈസർ.

| പ്രോജക്റ്റ് നം. | പ്രോജക്റ്റിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 78/20 | അങ്കണവാടി പോഷകാഹാരം (ജനറൽ) | 3750000 (2500000 – വികസന ഫണ്ട് , 1250000- കേന്ദ്രാവിഷ്കൃത ഫണ്ട്) | 3440094 |
| 94/20 | അങ്കണവാടി പോഷകാഹാരം (എസ്.സി.പി) | 600000 ( 400000- വികസന ഫണ്ട് എസ്.സി.പി, 200000- കേന്ദ്രാവിഷ്കൃത ഫണ്ട്) | 554666 |
| 96/20 | അങ്കണവാടി പോഷകാഹാരം (ടി.എസ്.പി) | 200000 ( 150000- വികസന ഫണ്ട് ടി.എസ്.പി, 50000- കേന്ദ്രാവിഷ്കൃത ഫണ്ട്) | 150000 |

സി.ജി.എസ്.ടി ആക്ട് 2017 ലെ വകുപ്പ് 51(1), എസ്.ജി.എസ്.ടി ആക്ട് 2017 ലെ വകുപ്പ് 51(1), കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം.65/39/2018/DOR , സർക്കാർ ഉത്തരവ് (പി)162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08.03.19 ലെ നം.ഡി.എ1/87/2019 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം നിർവ്വഹണം നടത്തുന്ന പ്രോജക്റ്റുകൾക്കുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ GSTIN ലേക്ക് തുക ഒടുക്കുവാൻ നിർവഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുമുണ്ട്.

അനുപൂരക പോഷകാഹാര പരിപാടിയുടെ ഭാഗമായി 2019-20 സാമ്പത്തിക വർഷത്തിൽ നക്ഷത്ര കുടുംബശ്രീ യൂണിറ്റ്, മണ്ണാർക്കാട്, പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നും ന്യൂട്രിമിക്സ് വാങ്ങിയതിന് താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ തുക അനുവദിച്ചപ്പോൾ 2% ടി.ഡി.എസ് ഈടാക്കിയിട്ടില്ല.

| ക്രമനം. | ഇൻവോയ്സ് നം. | ബിൽ തുക | നികുതിഒഴികെയുള്ള തുക | ഈടാക്കേണ്ടിയിരുന്ന ജി.എസ്.റ്റി -ടി.ഡി.എസ് |
|---|---|---|---|---|
| | Project No. 78 | | | 0 |
| 1 | 229 | 110039 | 108075 | 2161.5 |
| 2 | 228 | 159263 | 151681 | 3033.62 |
| 3 | 239 | 156122 | 148688 | 2973.76 |
| 4 | 218 | 115343 | 113050 | 2261 |
| 5 | 240 | 111216 | 109230 | 2184.6 |
| 6 | 253 | 110039 | 108075 | 2161.5 |
| 7 | 251 | 155055 | 147673 | 2953.46 |
| 8 | 176 | 114108 | 108675 | 2173.5 |
| 9 | 177 | 99796.5 | 97812.5 | 1956.25 |
| 10 | 164 | 114410.5 | 109106.75 | 2182.14 |
| 11 | 162 | 98197 | 95037 | 1900.74 |
| 12 | 155 | 122563.75 | 116882.75 | 2337.66 |
| 13 | 156 | 100349 | 98647 | 1972.94 |
| 14 | 157 | 31843 | 30451 | 609.02 |
| 15 | 196 | 112924 | 110654 | 2213.08 |
| 16 | 206 | 141561 | 134820 | 2696.4 |
| 17 | 207 | 114107 | 111800 | 2236 |
| 18 | 184 | 122099 | 116287.5 | 2325.75 |
| 19 | 185 | 103028 | 100954 | 2019.08 |
| | | | ആകെ | 42351.99 |
| | Project No. 96 | | | |

| | | | | |
|---|---|---|---|---|
| 1 | 195 | 133864 | 127680 | 2553.6 |
| | Project No. 94 | | | 0 |
| 1 | 169 | 111378 | 106076 | 2121.52 |
| 2 | 170 | 96292 | 93406 | 1868.12 |
| 3 | 217 | 149774 | 142642.5 | 2852.85 |
| | | | ആകെ | 6842.49 |

മേൽ ഇൻവോയ്സുകൾക്ക് പണം നൽകിയ വേളയിൽ 2% ടി.ഡി.എസ് ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. മേൽ ഇൻവോയ്സുകൾക്ക് പണം നൽകിയ വേളയിൽ 2% ടി.ഡി.എസ് ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 23/19.11.2021 ന് മറുപടിയായി ഈ വർഷം മുതൽ ടി.ഡി.എസ് ഈടാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

## 1-17 കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| പദ്ധതി | കന്നുകുട്ടി പരിപാലന പദ്ധതി പ്രൊജക്ട് നം. 120/19-20 |
| അടങ്കൽ | 1. 156,250 (വികസന ഫണ്ട്-പൊതു വിഭാഗം) 2. 1,56,250 ( സംസ്ഥാനാവിഷ്കൃതം)3. 3,12,500 (മറ്റുള്ളവ) |
| ചിലവ് | 1,56,250/-(വികസന ഫണ്ട് -പൊതു വിഭാഗം) |
| ബിൽ നം. | 10/19-20, 23.12.2019 |
| നിർവ്വഹണം | വെറ്ററിനറി സർജൻ |

വികസന ഫണ്ടിൽ (പൊതു വിഭാഗം) നിന്നും 1,56,250/- രൂപ പാലക്കാട് സി.എഫ്.എസ്. പ്രോഗ്രാം അസി. ഡയറക്ടറുടെ ട്രഷറി അക്കൗണ്ടിലേക്ക് (എസ്.ടി.എസ്.ബി. അക്കൗണ്ട് നം. 714021400000008) മാറി നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ ഗുണഭോക്താക്കളുടെ വിവരങ്ങൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 20/19.11.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-18 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- അധികനിരക്കിൽ സബ്സിഡി അനുവദിച്ചത്

ക്ഷീരസംഘങ്ങളിൽ പാൽ നൽകുന്ന കർഷകർക്ക് പ്രോൽസാഹനമായി അവർ അളക്കുന്ന പാലിന് ആനുപാതികമായി ഇൻസെന്റീവ് നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും അർഹമായ നിരക്കിലും സമയബന്ധിതമായും തുക ലഭ്യമായിട്ടുണ്ടോ എന്ന് വിലയിരുത്തുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| പ്രൊജക്റ്റ് നം. | 127/20-21, ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് |
| അടങ്കൽ | 4,00,000/- (Development Fund, General) |

സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് സ.ഉ.(എം.എസ്) നം. 22/2018 ത.സ്വ.ഭ.വ., തീയതി. 14.02.2018 പ്രകാരം ക്ഷീര സംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് ക്ഷീരവികസന വകുപ്പ് നൽകുന്ന ഒരു രൂപ

ഉൾപ്പെടെ 4 രൂപ നിരക്കിൽ പരമാവധി സബ്സിഡി ₹40,000/- ഒരു കർഷകന് നൽകാവുന്നതാണ്. കർഷകർക്ക് ക്ഷീരവികസന വകുപ്പിൽ നിന്നുള്ള സബ്സിഡിയായ ഒരു രൂപ ലഭിച്ചിട്ടില്ല. എന്നാൽ കർഷകർക്ക് ഇതുൾപ്പെടെ നാലു രൂപ നിരക്കിലാണ് സബ്സിഡി നൽകിയിരിക്കുന്നത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സംഘം, പാലളന്ന മാസം | പാലിന്റെ അളവ് - ലിറ്ററിൽ | തുക കൊടുത്തത് | ബിൽ നം./ തിയതി | തുക അനുവദിക്കാവുന്നത്-3രൂപ നിരക്കിൽ | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| 1 | Irumbakachola/ January 2020 | 2512 | 10048 | 14/20.03.20 | 7536 | 2512 |
| 2 | Irumbakachola/ February 2020 | 2235 | 8940 | 15/20.03.20 | 6705 | 2235 |
| 3 | Viyyakurissi/ Jan,feb 2020 | 2857 | 11428 | 16/20.03.20 | 8571 | 2857 |
| 4 | Pottassery/ April,May,June,July,Aug 2020 | 12129 | 44889 | 18/20.03.20 | 36387 | 8502 |
| 5 | Pottassery/ April, May, June, July, Aug 2020 | 12620 | 37851 | 19/20.03.20 | 37860 | 0 |
| 6 | Viyyakurissi/ Sep,oct, Nov,Dec | 5180 | 20720 | 3/13.03.20 | 15540 | 5180 |
| | | | | | Total | 21286 |

കർഷകർക്ക് അധികനിരക്കിൽ സബ്സിഡി അനുവദിച്ചതിന് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 21/19.11.2021 ന് ക്ഷീരകർഷകർക്ക് പരമാവധി ആനുകൂല്യം ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് ലിറ്ററിന് നാലുരൂപ നിരക്കിൽ നൽകിയത് എന്ന മറുപടിയായി അറിയിച്ചിട്ടുണ്ട്. സബ്സിഡി മാനദണ്ഡങ്ങൾ പ്രകാരം നിർവഹണം നടത്തുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-19 എസ് എസ് എ-പദ്ധതി-മോണിട്ടറിങ് കാര്യക്ഷമമാക്കണം

നിർവ്വഹണം - എൽ.പി സ്കൂൾ പ്രഥമാധ്യാപിക

| പ്രോജക്റ്റിന്റെ നമ്പരും പേരും | അടങ്കൽ | ചെലവ് | ബിൽ നം. & തീയതി |
|---|---|---|---|
| 200/19-20, എസ് എസ് എ വിഹിതം നൽകൽ -ജനറല | 9,00,000 (പ്ലാൻ ഫണ്ട്-ജനറൽ) | 9,00,000 | 5/29.08.19 |

| | | | |
|---|---|---|---|
| 201/19-20<br>എസ് എസ് എ വിഹിതം നൽകൽ - എസ്.സി.പി | 3,00,000<br>(പ്ലാൻ ഫണ്ട്-എസ്.സി.പി) | 3,00,000 | 6/29.08.19 |
| 202/19-20<br>എസ് എസ് എ വിഹിതം നൽകൽ - ടി.എസ്.പി | 2,00,000<br>(പ്ലാൻ ഫണ്ട്-ടി.എസ്.പി) | 2,00,000 | 7/29.08.19 |
| ആകെ | 14,00,000 | 14,00,000 | |

29.01.2018 ലെ സ.ഉ.(കൈ)നം.11/2018/ ത.സ്വ.ഭ.വ പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.6.3-ൽ ഗ്രാമപഞ്ചായത്തുകൾ സർക്കാർ നിശ്ചയിക്കുന്ന തുക എസ്.എസ്.എ. പ്രോജക്ടുകൾക്ക് വകയിരുത്തണമെന്നും പ്രോജക്ടുകളുടെ വിശദാംശം തയ്യാറാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനം അതിന്റെ പങ്ക് വഹിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ വിദ്യാലയങ്ങൾ തുറന്ന് പ്രവർത്തിക്കാത്ത സാഹചര്യത്തിലും എസ്.എസ്.എ ക്ക് ഗ്രാമപഞ്ചായത്ത് വിഹിതമായി ഇത്രയും തുക നൽകിയിട്ടുണ്ട്. എസ്.എസ്.കെ ലഭ്യമാക്കിയ ചെലവു പത്രികയിൽ ബി.ആർ.സി, സി.ആർ.സി വിഹിതത്തിന് പുറമെ ഗ്രാമപഞ്ചായത്ത് പരിധിയിൽ പാഠപുസ്തക വിതരണം , യൂണിഫോം വിതരണം, വിവിധ പരിശീലന പരിപാടികൾ തുടങ്ങിയ പ്രവർത്തനങ്ങൾക്കായും തുക ചെലവഴിച്ചതായി കാണുന്നു. സാക്ഷ്യപത്രം പ്രകാരം എസ്.എസ്.കെ യിൽ നിന്നും മുഴുവൻ തുകയും ചെലവഴിച്ചതായി കാണിക്കുന്ന റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ആരോഗ്യം വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ ഗ്രാമപഞ്ചായത്തിൽ എസ്.എസ്.കെ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം 19/ 19.11.21)

## 1-20 ടെണ്ടർ നടപടിക്രമങ്ങൾ സ്വീകരിക്കാതെ KSIE എന്ന സ്ഥാപനത്തിൽ നിന്നും നിന്നും തെരുവു വിളക്കുകൾ വാങ്ങിയത് ക്രമപ്രകാരമല്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ "തെരുവ് വിളക്ക് സ്ഥാപിക്കൽ" എന്ന പ്രോജക്റ്റിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്റ്റ് നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | അടങ്കൽ | ചെലവ് | ബിൽ നമ്പർ |
|---|---|---|---|---|
| 247/20 | സെക്രട്ടറി | 400000 (125800-ധനകാര്യകമ്മീഷൻ അവാർഡ്, 274200-തനത് ഫണ്ട്) | 393600 (125800-ധനകാര്യകമ്മീഷൻ അവാർഡ്, 267800-തനത് ഫണ്ട്) | 15/30.11.19) |

എ)പ്രസ്തുത പ്രോജക്റ്റിൽ പഞ്ചായത്തിന്റെ 6 വാർഡുകളിൽ തെരുവ് വിളക്കുകൾ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങാനാണ് വിഭാവനം ചെയ്തിരുന്നത്.

49,200/- രൂപയുടെ 20 W*10 എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റുകൾ (Pole 6 Meter) 8 എണ്ണം വാങ്ങാനാണ് തീരുമാനിച്ചിരുന്നത്. വിശദാംശം താഴെ കൊടുക്കുന്നു.

ഇൻവോയ്സ് നമ്പർ-PKDBC/ 000084 Dt 06-11-19

| ഇനം | എണ്ണം | തുക | ആകെ |
|---|---|---|---|
| Solar Integrated LED Street Light | 8 | 46857.14 | 374857.12 |
| CGST | | | 9371.43 |
| SGST | | | 9371.43 |
| TOTAL | | | 393600.00 |

ലാമ്പുകൾക്ക് 5 വർഷത്തെ വാറണ്ടി വാഗ്ദാനം ചെയ്യുകയും എഗ്രിമെന്റ് വെക്കുകയും ചെയ്തിട്ടുണ്ട്.

ബി. തീരുമാനങ്ങൾ

വിവിധ തീരുമാനങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

1. പ്രൊക്യൂർമെന്റ് കമ്മിറ്റി രജിസ്റ്റർ പരിശോധിച്ചതിൽ പ്രസ്തുത വാങ്ങൽ KSIE മുഖേന നടത്താൻ തീരുമാനിച്ചതിന്റെ തീരുമാനം ഇല്ല.

2. 23.09.2019 ലെ ഭരണസമിതിയുടെ 1(2) തീരുമാനപ്രകാരം പഞ്ചായത്തിന്റെ 6 വാർഡുകളിൽ തെരുവ് വിളക്കുകൾ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങാൻ തീരുമാനിച്ചിട്ടുണ്ട്.

സി. അക്രഡിറ്റഡ് ഏജൻസികളുടെ ചുമതലകൾ

28-02-2018ലെ G.O.(P)നം. 29/2018/ഫിൻ ഉത്തരവ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഉത്തരവിന്റെ അനുബന്ധപ്രകാരം KSIE എന്ന സ്ഥാപനത്തിന് 'General Civil Construction Works As PMC' ആയി പ്രവർത്തിക്കുന്നതിനാണ് അക്രഡിറ്റേഷൻ ഉള്ളത്. പി.എം.സി ആയി പ്രവർത്തിക്കുന്ന അക്രഡിറ്റഡ് ഏജൻസി പ്രവൃത്തികളുടെ നടത്തിപ്പിനായി സുതാര്യമായ രീതിയിൽ ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി നടത്തുന്ന ഏജൻസിയെ തെരഞ്ഞെടുക്കുവാൻ സഹായം നൽകേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സ്ഥാപനത്തിന് നേരിട്ട് സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിനുള്ള അധികാരമില്ല.

1.സ.ഉ(പി)നം.118/2018/ഫിൻ തിയതി 03-08-2018 പ്രകാരം പി.എം.സി ആയി പ്രവർത്തിക്കുന്ന സ്ഥാപനത്തിനെ സാധനങ്ങൾ വാങ്ങുന്നതിനായി ചുമതലപ്പെടുത്താമെങ്കിലും സ്ഥാപനം ടെണ്ടർ നടപടികളിലൂടെ ഒരു തേർഡ് പാർട്ടിയെ തെരഞ്ഞെടുക്കേണ്ടതാണെന്നും പി.എം.സി ആയി പ്രവർത്തിക്കുന്ന സ്ഥാപനത്തിന് സെന്റേജ് ചാർജ്ജിന് അർഹതയുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്.

2.സ്ഥാപനങ്ങൾക്ക് നേരിട്ട് സാധനങ്ങളും സേവനങ്ങളും നൽകുന്നതിനുള്ള അക്രഡിറ്റേഷൻ ഉള്ള സ്ഥാപനങ്ങൾക്ക് കുറഞ്ഞത് 50% സാധനങ്ങളും സേവനങ്ങളും സ്വന്തമായി വിതരണം ചെയ്യുന്നതിനുള്ള ശേഷി ഉണ്ടായിരിക്കേണ്ടതാണെന്ന് ഉത്തരവിൽ നിബന്ധനയുണ്ട്. KSIE എന്ന സ്ഥാപനം അത്തരത്തിൽ സാധനങ്ങളും സേവനങ്ങളും നേരിട്ട് വിതരണം ചെയ്യുന്നതിനുള്ള അക്രഡിറ്റേഷൻ എടുത്തിട്ടില്ല. ആയതിനാൽ KSIE ക്ക് ടെണ്ടർ കൂടാതെ നേരിട്ട് തെരുവ് വിളക്കുകൾ വിതരണം ചെയ്യുന്നതിനുള്ള അർഹതയില്ല എന്ന് വിലയിരുത്തുന്നു.

ഡി) ആസൂത്രണം, നിർവ്വഹണം

അക്രഡിറ്റഡ് ഏജൻസിയായ KSIE മുഖേന വാങ്ങൽ നടത്തുന്നതിനാണ് പ്രോജക്റ്റിന് അംഗീകാരം

ലഭ്യമാക്കിയിട്ടുള്ളത്. മേൽ ഉത്തരവുകൾ ഒന്നും പരിഗണിക്കാതെയാണ് KSIE യിൽ നിന്നും മിനി മാസ്റ്റ് ലൈറ്റുകൾ നേരിട്ട് വാങ്ങുന്നതിന് പ്രോജക്ട് തയ്യാറാക്കിയത്. പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പെടെ) വർക്കിംഗ് ഗ്രൂപ്പിൽ പ്രോജക്ടിന്റെ കൃത്യത ചർച്ച ചെയ്തിട്ടുമില്ല. പ്രോജക്ടിനനുസരിച്ചാണ് തുടർന്നുള്ള തീരുമാനങ്ങൾ ഉണ്ടായിട്ടുള്ളത്.

ആസൂത്രണത്തിലെ പാളിച്ചയാണ് നിർവ്വഹണത്തിലെ വീഴ്ചക്ക് കാരണമായിട്ടുള്ളത്. നിർവ്വഹണം നടത്തുന്നതിനു മുമ്പായി വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ, നിർവ്വഹണ ഉദ്യോഗസ്ഥനോ, വെറ്റിംഗ് നടത്തിയ ഉദ്യോഗസ്ഥനോ പ്രോജക്ടിന്റെ കൃത്യത ഉറപ്പാക്കിയിട്ടില്ല.

ഇ) സപ്ലൈ ചെയ്തതിന്റെ വിവരം

ലഭ്യമാക്കിയ ബിൽ പ്രകാരം KSIE യിൽ നിന്നും നേരിട്ട് സാധനങ്ങൾ സപ്ലൈ ചെയ്തിട്ടുള്ളത് എന്നാണ് ഫയൽ പരിശോധനയിൽ വ്യക്തമാകുന്നത്.

ടെണ്ടർ കൂടാതെ ലാമ്പുകൾ നേരിട്ട് വാങ്ങുന്നതിനു മുമ്പായി KSIE യുമായി ചർച്ച ചെയ്ത് നിരക്ക് നിശ്ചയിച്ചതായോ, മാർക്കറ്റ് നിരക്കുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടില്ല.

എഫ് ) എഗ്രിമെന്റ്

19.10.2019ന് എഗ്രിമെന്റ് വെച്ചിട്ടുണ്ട്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 18 തിയതി 18-11-21 ന് മറുപടിയൊന്നും ലഭ്യമാക്കിയില്ല. സിവിൽ പ്രവൃത്തികളുടെ PMC ആയി പ്രവർത്തിക്കുന്നതിനായി അക്രഡിറ്റേഷൻ എടുത്തിട്ടുള്ള കെ.എസ്.ഐ.ഇ എന്ന സ്ഥാപനത്തിൽ നിന്നും തെരുവ് വിളക്കുകൾ വാങ്ങിയത് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനമാണെന്ന് വിലയിരുത്തുന്നു. ചെലവ് തുക 3,93,600/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1.വാങ്ങലുകളിൽ സ.ഉ(പി)നം. 259/2010/ത.സ്വ.ഭ.വ തിയതി 8-11-2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയും 2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വലിലെ നിബന്ധനകളും പാലിക്കേണ്ടതാണ്.

3. 25,000/- രൂപയ്ക്ക് മുകളിലുള്ള കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഒഴികെയുള്ള വാങ്ങലുകൾ കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ Government E Marketplace(GeM) ൽ ലഭ്യമാണെങ്കിൽ GeM മുഖേന വാങ്ങുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ വാങ്ങുവാൻ ഉദ്ദേശിക്കുന്ന സ്റ്റോറിന്റെ സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള ഇനം GeM ൽ ലഭ്യമാണെങ്കിൽ GeM മുഖേന വാങ്ങേണ്ടതുമാണ്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-21 അസാധാരണ ചെലവുകൾ - ചട്ടങ്ങൾ പ്രകാരമുള്ള രേഖകൾ സൂക്ഷിക്കേണ്ടതാണ്

2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ പ്രകാരം അസാധാരണ ചെലവുകൾ നടത്തുവാൻ അനുവദനീയമായ ഇനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മുൻവർഷത്തെ മിച്ചഫണ്ടിന്റെ 20% വരെ (പരമാവധി 1 ലക്ഷം രൂപ) ആണ് അസാധാരണ ചെലവ് പരിധി. പഞ്ചായത്ത് അസാധാരണ ചെലവ് സംബന്ധിച്ച ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. ഇതിൽ ചെലവാക്കിയ തുക, പഞ്ചായത്ത് തീരുമാനം നമ്പർ, തിയതി, ആകെ ചെലവ് തുക എന്നിവ രേഖപ്പെടുത്തണം. ചെലവഴിച്ച തുകയുടെ രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്. അസാധാരണ ചെലവുകളുടെ വാർഷിക കണക്ക് പ്രത്യേകമായി ഗ്രാമസഭകളിൽ അവതരിപ്പിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. അസാധാരണ ചെലവുകൾ രജിസ്റ്ററിൽ

രേഖപ്പെടുത്തിയിട്ടുണ്ടോ എന്നും ചെലവ് പരിധി പാലിക്കുന്നുണ്ടോ എന്നും മേലുദ്യോഗസ്ഥർ പരിശോധിക്കുകയോ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി വിലയിരുത്തുകയോ ചെയ്തിട്ടില്ല. കൂടാതെ അസാധാരണ ചെലവിനങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന തുകകൾ ദൈനംദിന ചെലവായി അക്കൗണ്ട് ചെയ്യുന്നതായും കണ്ടെത്തി. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു

| വൗച്ചർ നമ്പർ/ തിയതി | തുക | ചെലവിനം |
|---|---|---|
| 21900284/17.7.2019 | 8400 | സമ്പൂർണ്ണ A + നേടിയ വിദ്യാർത്ഥികളെയും LSS,USS പരീക്ഷകളിൽ മികച്ച വിജയം നേടിയ വിദ്യാർത്ഥികളെയും ആദരിച്ച ചടങ്ങ്. |
| 21900715/28.11.19 | 4900 | പ്രളയദുരന്ത ബാധിതരെ സഹായിച്ചവരെ ആദരിക്കുന്ന ചടങ്ങിന് ആവശ്യമായ 15 മൊമന്റോ തയ്യാറാക്കി നൽകിയതിന്. |

അസാധാരണ ചെലവ് നടത്തുമ്പോൾ 2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്. നിയമാനുസൃതം രജിസ്റ്റർ സൂക്ഷിക്കുകയും ചെലവ് പരിധി പാലിക്കുകയും ചെയ്യേണ്ടതാണ്.

## 1-22 അസിസ്റ്റന്റ് സെക്രട്ടറിയുടെ പ്രൊജക്ടുകൾ നടപ്പാക്കാതിരുന്നതിനാൽ SCP ഫണ്ട് ലാപ്സ് ആയി

2019-20 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി അംഗീകാരം നേടിയ താഴെ പറയുന്ന പ്രൊജക്ടുകൾ നടപ്പിലാക്കിയില്ല. ഇക്കാരണത്താൽ പട്ടിക ജാതി വിഭാഗം വികസനഫണ്ട് 14,88,680/- രൂപ ലാപ്സ് ആയി.

| ക്രമ നം. | പ്രൊജക്ട് | പ്രൊജക്ട് നമ്പർ | അടങ്കൽ |
|---|---|---|---|
| 1 | വൃദ്ധർക്ക് കട്ടിൽ -എസ്.സി.പി | 3 | 540000 |
| 2 | വൃദ്ധർക്ക് കട്ടിൽ - ടി.എസ്.പി | 30 | 110000 |
| 3 | വർമംകോട് & കൈതക്കുണ്ട് പട്ടികജാതി കോളനി ലൈറ്റ് സ്ഥാപിക്കൽ (സോളാർ) | 312 | 100000 |
| 4 | കല്ലുമല ചെട്ടിപള്ളിയാൽ കോളനി, തൃക്കളൂർ നെച്ചുള്ളി കോളനി തെരുവ് വിളക്ക് സ്ഥാപിക്കൽ | 336 | 238680 |
| 5 | ആശ്രയ പദ്ധതി | 60 | 500000 |
| ആകെ | | | 1488680 |

അസി.സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി അംഗീകാരം ലഭ്യമാക്കിയ 1 സ്പിൽ ഓവർ പ്രോജക്ട് അടക്കം 8 പ്രോജകറ്റുകളിൽ 3 എണ്ണം മാത്രമാണ് നിർവ്വഹണം നടത്തിയത് ആകെ അടങ്കൽ 36,23,180/-രൂപയിൽ 13,43,950/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത് (37%). ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 5/9.11.21) അസിസ്റ്റന്റ് സെക്രട്ടറി മറുപടിയൊന്നും ലഭ്യമാക്കിയില്ല.

ഗുണഭോക്താക്കളുടെ ആവശ്യകത വിലയിരുത്താതെയും വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച ചെയ്യാതെയും

പ്രോജക്ടുകൾ ആവിഷ്കരിച്ച് അംഗീകാരം ലഭ്യമാക്കുന്നത് പദ്ധതി ആസൂത്രണത്തിലെയും പ്രവർത്തനങ്ങളുടേയും പാളിച്ചയാണ്.

അംഗീകാരം ലഭ്യമാക്കുന്ന എസ്.സി.പി ഫണ്ട് ചെലവഴിക്കാതിരിക്കുന്നതുമൂലം വികസന ഫണ്ടിന്റെ ചെലവ് ശതമാനം കുറയുവാനും തുടർ വർഷങ്ങളിലെ പദ്ധതി ഫണ്ടിൽ കുറവു വരുത്തുവാനും ഇടയാക്കുന്നതാണ്. ആയതിനാൽ ഇക്കാര്യത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ക്രിയാത്മകമായ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 1-23 ഡെപ്പോസിറ്റ് പ്രവൃത്തി- കേരള വാട്ടർ അതോറിറ്റി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

2019-20 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി കേരള വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് പ്രവൃത്തിക്കായി കൈമാറിയ തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | ക്രമ നം. | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | തുക |
|---|---|---|---|---|
| കേരള ജല അതോറിറ്റി മണ്ണാർക്കാട് | 1 | 326/20- പള്ളിപടി വാർഡിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 21/13.3.20 | 450000 |

പദ്ധതി നിർവ്വഹണത്തിൽ കേരള ജല അതോറിറ്റിയുമായി പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടു കാണുന്നില്ല. മുൻകൂർ അനുവദിക്കുമ്പോൾ കരാറിൽ ഏർപ്പെടേണ്ടതാണെന്ന് പദ്ധതി മാർഗ്ഗരേഖയിൽ പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്.

പദ്ധതി പൂർത്തീകരണം വൈകുകയോ മറ്റു കാരണങ്ങളാൽ പദ്ധതി പൂർണ്ണമായി നടപ്പിലാക്കാതെ ഇടയിൽ ഉപേക്ഷിക്കുകയോ ചെയ്താൽ കരാറിന്റെ അഭാവത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയില്ല. ആയതിനാൽ പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കുന്നതിനും, ചെലവ് തുകകളുടെ വിനിയോഗവിവരം ലഭ്യമാക്കുന്നതിനും നിർവ്വഹണ ഏജൻസികളുമായുള്ള കരാറിൽ പ്രത്യേകം വ്യവസ്ഥ ചെയ്യേണ്ടതാണ്. തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13/15.11.2021) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് മറുപടിയൊന്നും ലഭ്യമാക്കിയില്ല. തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്. പ്രവൃത്തിയുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തേണ്ടതാണ്.

## 1-24 ഡെപ്പോസിറ്റ് പ്രവൃത്തി- KSEB-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

2019-20 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി കെ.എസ്.ഇ.ബി ക്ക് ഡെപ്പോസിറ്റ് പ്രവൃത്തിക്കായി കൈമാറിയ തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | ക്രമ നം. | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | തുക |
|---|---|---|---|---|
| വൈദ്യുതി ബോർഡ് | 1 | 128/21- നൊട്ടമല ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 19/18.1.20 | 49945 |

| | | | | |
|---|---|---|---|---|
| | | വാർഡ് 18 | | |
| (കാഞ്ഞിരപ്പുഴ | 2 | 129/21 - സ്ട്രീറ്റ് ലൈൻ വലിക്കൽ - വാർഡ് 17 | 17/29.12.20 | 100000 |
| | 3 | 327/21 - സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ-വാർഡ് 4 | 18/29.12.20 | 150000 |
| ആകെ | | | | 299945 |

തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/15.11.2021) മറുപടിയൊന്നും ലഭ്യമാക്കിയില്ല.

തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്. പ്രവൃത്തിയുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തേണ്ടതാണ്.

## 1-25 ഐ.കെ.എം, സോഷ്യൽ സെക്യൂരിറ്റി മിഷൻ എന്നീ സ്ഥാപനങ്ങൾക്ക് നൽകിയ തുകയുടെ ധനവിനിയോഗം ലഭ്യമാക്കിയില്ല.

ഐ.കെ.എം, സോഷ്യൽ സെക്യൂരിറ്റി മിഷൻ എന്നീ സ്ഥാപനങ്ങൾക്ക് 2019-20 ൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

| പ്രോജക്റ്റ് നമ്പർ | പ്രോജക്റ്റ് | അക്കൗണ്ട് നം. | അടങ്കൽ | ചെലവ് | ബിൽ നമ്പർ |
|---|---|---|---|---|---|
| 102/20 | ഐ കെ എം ന് വിഹിതം നൽകൽ | 57047023512 | 120000 | 108893 | 6/16.8.19 |
| 106/20 | സാമൂഹ്യ സുരക്ഷാമിഷൻ പ്രവർത്തനഫണ്ട് | 701011400000134 | 150000 | 150000 | 5/5.8.19 |

പ്രസ്തുത സ്ഥാപനങ്ങൾക്ക് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.16/17.11.2021) മറുപടിയോ രേഖകളോ ലഭ്യമാക്കിയില്ല. തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-26 തൊഴിൽ രഹിത വേതനം - സാക്ഷ്യപത്രം പ്രകാരമുള്ള വരുമാനം ഉറപ്പാക്കിയിട്ടില്ല

ഓഡിറ്റ് വർഷത്തിൽ താഴെ പറയും പ്രകാരം തൊഴിൽ രഹിത വേതനം ട്രഷറിയിൽ നിന്നും പിൻവലിച്ച് വിതരണം ചെയ്തിട്ടുണ്ട്.

ബിൽ നമ്പർ/തീയ്യതി - 10/31-8-19

പിൻവലിച്ച തുക - 1,47,720/-

പിൻവലിച്ച തുക താഴെ പറയുന്ന ദിവസങ്ങളിലായി വിതരണം ചെയ്തിട്ടുണ്ട്.

| തീയ്യതി | തുക | വൗച്ചർ നമ്പർ |
|---|---|---|
| 4.9.19 | 27600 | 21900449 |
| 5.9.19 | 72960 | 21900450 |
| 6.9.19 | 18480 | 21900472 |
| 7.9.19 | 120 | 21900480 |
| ആകെ | 119160 | |

ചലാൻ നം KL007012851201920M തീയ്യതി 7.9.19 പ്രകാരം 28,560/- രൂപ തിരിച്ചടച്ചിട്ടുണ്ട്.

വേതനം വിതരണം ചെയ്തിട്ടുള്ളത് വേതനം കൈപ്പറ്റിയവരിൽ നിന്നുള്ള സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ്. തുക അനർഹമായി കൈപ്പറ്റിയെന്ന് പിന്നീട് തെളിഞ്ഞാൽ റവന്യൂ റിക്കവറി പ്രകാരം തിരികെ ഈടാക്കാവുന്നതാണെന്ന് സാക്ഷ്യപത്രത്തിൽ സൂചിപ്പിച്ചിട്ടുണ്ട്.

തൊഴിൽ രഹിത വേതന പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിലുള്ള സർക്കാർ ഉത്തരവുകൾ താഴെ ചേർക്കുന്നു.

1. സ.ഉ(പി)നം.23/98/തൊഴിൽ, തിയ്യതി - 28-05-1998 – തൊഴിൽ രഹിത വേതന ചട്ടങ്ങൾ.

2. സ.ഉ(പി)നം.1164/2005/തൊഴിൽ, തിയ്യതി - 28-06-2005 – ചട്ടം 13 ലെ ഭേദഗതി ഉത്തരവ്.

3. സ.ഉ(പി)നം.32/2006/തൊഴിൽ, തിയ്യതി - 4-05-2006 - ചട്ടം 13 ലെ ഭേദഗതി ഉത്തരവിനുള്ള വിശദീകരണം.

4. സ.ഉ(പി)നം.169/2009/തൊഴിൽ, തിയ്യതി - 13-12-2009 ചട്ടം 11 ലെ ഭേദഗതി ഉത്തരവ്.

5. സ.ഉ (അച്ചടി)139/2019/ധന, തിയ്യതി - 15-10-2019.

മേൽ ഉത്തരവുകൾ പ്രകാരം വിദ്യാർത്ഥികൾ അല്ലാത്തവരും എസ്.എസ്.എൽ.സി യോ തത്തുല്യമായ പരീക്ഷ പാസായവരും വാർഷിക കുടുംബ വരുമാനം 12,000/- രൂപയിൽ കവിയാത്തവരും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് 18 വയസിനു ശേഷം തുടർച്ചയായി 3 വർഷം തൊഴിൽ ലഭിക്കാതെ രജിസ്ട്രേഷൻ നിലനിർത്തുന്നവരും അപേക്ഷിക്കുന്ന ദിവസം 35 വയസ്സ് കഴിയാത്തവരും ആയ വ്യക്തികളാണ് തൊഴിൽ രഹിത വേതനത്തിന് അർഹർ.

1998 ലെ തൊഴിൽ രഹിത വേതന ചട്ടങ്ങളിലെ ചട്ടം 6(i) പ്രകാരം അപേക്ഷകന്റെ തദ്ദേശഭരണാധികാരിക്ക് യുക്തമെന്ന് തോന്നുകയാണെങ്കിൽ വില്ലേജ് ഓഫീസറിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് ആവശ്യപ്പെടാവുന്നതാണ്. ഗുണഭോക്താക്കൾ ഹാജരാക്കിയ സാക്ഷ്യപത്രത്തിന്റെ നിജസ്ഥിതി പരിശോധിക്കുവാൻ വില്ലേജ് ഓഫീസറിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ്

ഹാജരാക്കുവാൻ ഏതെങ്കിലും ഘട്ടത്തിൽ ആവശ്യപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (17/17.11.20) മറുപടിയൊന്നും സമർപ്പിച്ചിട്ടില്ല. ഭാവിയിൽ തൊഴിൽരഹിത വേതനം വിതരണം നടത്തുമ്പോൾ നിലവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1-27 ഇ-ടെൻണ്ടർ -ടെൻണ്ടർ ഫീ ജില്ലാപഞ്ചായത്തിൽ നിന്ന് ലഭ്യമാക്കണം

അസിസ്റ്റന്റ് എഞ്ചിനീയർ ഇ-ടെണ്ടർ നടത്തുമ്പോൾ ഫോറം വിലയും GST തുകയും ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ആണ് ക്രഡിറ്റ് ആവുന്നത് ഇത്തരത്തിൽ 2015-16 മുതൽ 2019-20 കാലയളവിലെ ഇ-ടെണ്ടർ ഫോറങ്ങളുടെ വാറ്റുൾപ്പെടെയുള്ള വില അസി.എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് കിട്ടുന്നതിന് അക്കൗണ്ട് ആയ (SBI കാഞ്ഞിരപ്പുഴ ) വിവരം ലഭ്യമാക്കേണ്ടതാണ്. 2015-16 മുതൽ 2019-20 വരെ കാലയളവിലെ തുക കൈമാറിയതിൻറ വിവരങ്ങൾ ലഭ്യമായിട്ടില്ല ടെണ്ടർ ഫോറങ്ങളുടെ വിലയായി നാളിതുവരെ ഈടാക്കാനുള്ള തുക അസി.എൻജിനീയർ കണക്കാക്കിയിട്ടില്ലാത്തതിനാൽ ജില്ലാ പഞ്ചാ.അസി.എക്സി എൻജിനീയറിൽ നിന്നും ലഭ്യമാക്കേണ്ട തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. 2016-17 മുതൽ 2019-20 വരെ നടത്തിയ ഇ ടെൻണ്ടർ മുഖേന ലഭ്യമാവാനുള്ള തുക കണക്കാക്കി ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-28 MGNREGS ന് നൽകിയ മുൻകൂർ ക്രമീകരിക്കണം

ഓഡിറ്റ് വർഷം തനത് ഫണ്ടിൽ നിന്നും എം.ജി.എൻ.ആർ.ഇ.ജി.എസ് എസ്റ്റാബ്ലീഷ്മെന്റ് ചെലവുകൾക്കായി അഡ്വാൻസ് ചെയ്തിട്ടിണ്ട്. ഈ തുക പൂർണ്ണമായും മുന്നിരിപ്പ് ഉൾപ്പടെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടി അഡ്വാൻസ് ക്രമീകരിക്കേണ്ടതാണ്.
ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന് (നം:15/19/20/16.11.21 ) തുടർ നടപടി രേഖകൾ ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

1-29 മരാമത്ത് പ്രവർത്തി -അവലോകനം

താഴെപ്പറയുന്ന വിഷയത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ് 2019-20 വർഷത്തിൽ അസി.എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള പ്രോജക്റ്റ് നിർവ്വഹണ വിവരം ചുവടെ ചേർക്കുന്നു.

(1) പ്രോജക്റ്റ് നിർവ്വഹണം കാര്യക്ഷമമല്ല.

| നിർവ്വഹണോദ്യോഗസ്ഥൻ | ആകെ പ്രോജക്റ്റ് | നിർവ്വണം നടത്തിയത് | നടപ്പിലാക്കാത്തവ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| അസി.എൻജി. | 188 | 78 | 110 | 35579772 | 14147909 | 58% |

26 സ്പിൽ ഓവർ അടക്കം 188 പ്രോജക്റ്റുകൾ അംഗീകാരം ലഭ്യാക്കിയതിൽ 78 എണ്ണം മാത്രമാണ് നിർവ്വഹണം നടത്തിയിട്ടുള്ളത് . 3.55 കോടി രൂപയുടെ അടങ്കലുള്ളതിൽ 1.41 കോടി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മോണിട്ടറിങ്ങിലെ അപാകതയായി ഓഡിറ്റ് വിലയിരുത്തുന്നു.

2)ടെൻണ്ടർ നടപടികൾ

ഓപ്പൺ ടെൻണ്ടർ നടത്തിയതിൽ എല്ലാ ടെൻണ്ടറിലും 2 പേർ മാത്രമാണ് പങ്കെടുത്തിട്ടുള്ളത് ഒരാൾ എസ്റ്റിമേറ്റ് നിരക്കിലും മറ്റേ ആൾ “Abow Estimate Rate” നിരക്കിലും. TENDER BELOW യായി കുറച്ച് ടെൻണ്ടറുകൾ മാത്രമേ ഉള്ളൂ. ആയതിനാൽ ടെൻണ്ടർ സേവിങ്സ് വളരെ കുറവാണ്. ഇതു സംബന്ധിച്ച് നിർവ്വഹണോദ്യോഗസ്ഥന്റെ അഭിപ്രായം ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ ടെൻണ്ടറിന് വ്യാപക

പ്രചാരണം നൽകി നിർവ്വഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

ടെൻണ്ടർ ഫോറം രജിസ്റ്റർ – ടെൻണ്ടർ ഫോറങ്ങളുടെ സ്റ്റോക്ക് വിവരം ലഭ്യമാക്കിയിട്ടില്ല. ആയത് എഴുതി സൂക്ഷിക്കേണ്ടതാണ്.

1-29-1 മരാമത്ത് പ്രവർത്തികൾ -രജിസ്റ്ററുകളുടെ സൂക്ഷിപ്പ് -അപാകതകൾ

2. അസി.എഞ്ചിനീയറുടെ രേഖകളും രജിസ്റ്ററുകളും വർക്ക് ഫയലുകളും പരിശോധിക്കുമ്പോൾ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1.ടെണ്ടർ രജിസ്റ്ററിൽ ടെണ്ടർ അംഗീകരിച്ച തീരുമാനം പൂർണ്ണമായി രേഖപ്പെടുത്തുന്നില്ല.

2.ടെണ്ടർ ഫോറം, ഫോറം വില, അടവ് വിവരം , സംബന്ധിച്ച വിവരം ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

3.എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി രേഖപ്പെടുത്തുന്നില്ല.

4.കരാറുകാർക്ക് സെലക്ഷൻ നോട്ടീസ് നൽകുന്നതിൽ തീയതി രേഖപ്പെടുത്തുന്നില്ല.

4.പ്രവൃത്തികളുടെ ഫയലിൽ എസ്റ്റിമേറ്റ് റിപ്പോർട്ട് ഇല്ല , റോഡ് പ്രവർത്തികളുടെ എസ്റ്റിമേറ്റിൽ ചെയ്നേജ് രേഖപ്പെടുത്തുന്നില്ല.

5.പ്രവൃത്തികളിൽ എക്സ്ട്രാ ഐറ്റംസ് ഉൾപ്പെടുത്തുമ്പോൾ കരാറുകാരുമായി സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കുന്നില്ല.

6.പദ്ധതി നിർവ്വഹണത്തിനും റോഡ് പ്രവൃത്തികൾ രൂപീകരിക്കുന്നതിനുമായി റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കിയിട്ടില്ല. കൃത്യമായ കണക്റ്റിവിറ്റി ഇല്ലാതെ റോഡ് പ്രവൃത്തി നടപ്പിലാക്കുന്നത് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നതിന് ഇടയാക്കുന്നു.

7.ആസ്തി രജിസ്റ്റർ 2018-19 വരെ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ.

8.പ്രവർത്തി പൂർത്തീകരണ കാലാവധി നീട്ടൽ -ഫൈൻ ഈടാക്കിയിട്ടില്ല, സപ്ലിമെൻററി എഗ്രിമെൻറ് വച്ചിട്ടില്ല.

9.70% പ്രവർത്തികളും കോൺക്രീറ്റ് പ്രവർത്തികൾ, ടാറിങ്ങിന് പ്രാധാന്യം നൽകുന്നില്ല. 90% ടെണ്ടറിലും 2 പേർ മാത്രം പങ്കെടുത്തിട്ടുള്ളൂ.

10.ടെണ്ടർ നടപടികളിൽ കോൺട്രാക്ടർമാരുടെ പങ്കാളിത്തം ഉറപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-30 മരാമത്ത് പ്രവർത്തികൾ -PWD മാന്വൽ പാലിക്കാതെ നിർവ്വഹണം നടത്തി

| | | | |
|---|---|---|---|
| പ്രോജക്റ്റ് നം: പേര് | 260/20-കമ്പളം ചോല പറയകത്ത് റോഡ് | അടങ്കൽ/ഫണ്ടിനം | 350000 (MGR ) |
| ചെലവ് | 254395 | നിർവ്വഹണം | അസി.എൻജിനീയർ |
| ബിൽ നം | 9.19-20/12.7.19 | എംബുക്ക് | 157/18-19 |
| എഗ്രിമെൻറ് | 118/17-18/16.3.18 | കോൺട്രാക്ടർ | T.C രാധാകൃഷ്ണൻ |
| ചെക്ക് മെഷർ | 25.2.2019 | പൂർത്തീകരണ കാലവധി | 6 മാസം (16.9 18 ) |

1.കോൺട്രാക്ടറുടെ ടെൻണ്ടർ ഫോം, പ്രാഥമിക ഉടമ്പടി, ഷെഡ്യൂൾ എന്നിവ ഫയലിൽ ഇല്ല .

2.16.3.2018 ലെ 6(4) നമ്പർ പഞ്ചായത്ത് തീരുമാനപ്രകാരം മേൽ പ്രവർത്തി ക്വട്ടേഷൻ മുഖേന ശ്രീ.രാധാകൃഷ്ണനെ ഏൽപ്പിച്ചതായി കാണുന്നു. ടെൻണ്ടർ, റീ ടെൻണ്ടർ നടപടികളുടെ രേഖകൾ

ഫയലിലില്ല. (പുതുക്കിയ പൊതുമരാമത്ത് മാന്വൽ ഉത്തരവ് (നം -GO(P) 13/2012/PWD/1.2.2012 ) ഖണ്ഡിക IV.ii .Ii .1 പ്രകാരം പ്രവർത്തി കരാറുകാരൻ മുഖേന നടത്താൻ തീരുമാനിച്ചാൽ ടെൻണ്ടർ മുഖേന നടപ്പിലാക്കേണ്ടതാവുന്നു. എന്നാൽ 5000 രൂപയിൽ താഴെയുള്ള പ്രവർത്തികൾ, 156 (5) ഉപവകുപ്പ് നിർദ്ദേശിക്കുന്ന അടിയന്തിര സ്വഭാവമുള്ള പ്രവർത്തികൾ ഒഴികെയുള്ളവയെല്ലാം ടെൻണ്ടറിലൂടെ നടപ്പിലാക്കേണ്ടതുണ്ട്.)

3.എസ്റ്റിമേറ്റ് നിരക്കിൽ അംഗീകരിച്ചതിനാൽ 350 രൂപയുടെ എഗ്രിമെൻറ് വെച്ചിട്ടില്ല.

4.പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചതിന് ഫൈൻ ഈടാക്കിയിട്ടില്ല.

5. പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചതിന് സപ്ലിമെന്ററി എഗ്രിമെന്റ് വച്ചിട്ടില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:7/19-20/10.11.21 ) പ്രവൃത്തിയുടെ അടിയന്തിര പ്രാധാന്യം ഭരണസമിതിക്ക് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ക്വട്ടേഷൻ മുഖേന കോൺട്രാക്ടറെ തിരഞ്ഞെടുത്തതിനാൽ നടപടിക്രമങ്ങൾ പാലിക്കാൻ സാധിച്ചില്ല എന്നറിയിച്ചിട്ടുണ്ട്. പി.ഡബ്ല്യു.ഡി മാന്വൽ പാലിച്ച് നിർവ്വഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-31 മരാമത്ത് പ്രവർത്തി-പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കൽ നടപടി ക്രമങ്ങൾ പാലിക്കണം

അസി.എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള മരാമത്ത് പ്രവർത്തികൾ സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ ഇതു സംബന്ധിച്ച സ.ഉ(പി)നം.13/2012/PWD തീയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ, കരാറുകാരനുമായുള്ള എഗ്രിമെന്റ് Clause 7 എന്നിവ പ്രകാരമുള്ള നടപടികൾ പാലിച്ചിട്ടില്ല എന്നും നിയമപ്രകാരമുള്ള പിഴ നിശ്ചിതനിരക്കിൽ ഈടാക്കിയിട്ടില്ല/കുറവായി ഈടാക്കി എന്നും ബോധ്യപ്പെട്ടു. ഈ പ്രവൃത്തികളിൽ പൂർത്തീകരണം ദീർഘിപ്പിച്ചതിന് എഗ്രിമെന്റ് കാലയളവിനുള്ളിൽ സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല. കൂടാതെ നിയമപ്രകാരം നൽകാവുന്നതിനേക്കാൾ കൂടുതൽ കാലാവധി ആദ്യ തവണ നീട്ടി നൽകിയിട്ടുമുണ്ട്. നിയമാനുസൃത പിഴ ചുമത്താതിരുന്നതു മൂലം ഗ്രാമപഞ്ചായത്തിന് പിഴ ഇനത്തിൽ തനതുഫണ്ടിന് വരുമാന നഷ്ടവുമുണ്ടായി. 2012 ലെ ജി.ഒ.(പി) 13/2012/PWD/01.02.2012 നമ്പറായുള്ള കേരള പി.ഡബ്ള്യു.ഡി മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതല്ല. കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതും ആയത് നിർവ്വഹണോദ്യോഗസ്ഥന്റെ ശുപാർശയോടെ പഞ്ചായത്ത് ഭരണസമിതി തീരുമാനത്തോടെ ഫൈൻ ഈടാക്കി ദീർഘിപ്പിക്കാവുന്നതാണ്. എന്നാൽ ഇതു സംബന്ധിച്ച നടപടിക്രമങ്ങളുടെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പൂർത്തീകരണ കാലാവധിക്കുശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണ്. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റേതായ കാരണങ്ങളാൽ ദീർഘിപ്പിച്ച് നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. മേൽ ഉത്തരവ് പ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിന്ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് (അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ്) പിഴ പി.എ.സിയുടെ 1% (കുറഞ്ഞത് 1000 രൂപ കൂടിയത് 50000 രൂപ), ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% (കുറഞ്ഞത് 2000 രൂപ കൂടിയത് 100000 രൂപ )എന്നിങ്ങനെ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന പ്രവർത്തിയിൽ പിഴ ഈടാക്കാതെയാണ് തുക അനുവദിച്ചിട്ടുള്ളത്. വിശദ വിവരം ചുവടെചേർക്കുന്നു.

| മരാമത്ത് പ്രവർത്തിയുടെ വിശദ വിവരങ്ങൾ | ഫൈൻ സംബന്ധിച്ച് | | |
|---|---|---|---|
| | ഈടാക്കേണ്ടത് (3%) | ഈടാക്കിയത് | കുറവ് |
| 1)പ്രവർത്തി:262/20-വർമ്മംക്കോട് അസമഷൻ കനാൽ റോഡ്<br>അടങ്കൽ :160000(CFC)<br>ചെലവ്:156507/-<br>ബിൽ നം:20/2019-20/05.8.2019 -156507/-<br>എം ബുക്ക് :174/18-19<br>എഗ്രിമെൻറ് :119/17-18/AE/LSGD/16.3.2018<br>എഗ്രിമെൻറ് :169/18-19/AE/LSGD/6.3.2019<br>കോൺട്രാക്ടർ :വിശ്വനാഥൻ (ESTIMATE RATE )<br>പൂർത്തീകരണ തീയ്യതി:മാസം: 6മാസം<br>പൂർത്തീകരിച്ചതീയ്യതി:06.06.2019(ചെക്ക്മെഷർ) | 4800 | 0 | 4800 |

(16.3.2018 ന് എഗ്രിമെന്റ് വച്ച് പണി പൂർത്തീകരിക്കാതെ 6.3.2019 ന് വീണ്ടും സപ്ലിമെന്ററി എഗ്രിമെന്റ് വച്ചിട്ടുണ്ടെങ്കിലും ദീർഘിപ്പിച്ചത് സംബന്ധിച്ച് പഞ്ചായത്ത് തീരുമാനമോ കോൺട്രാക്ടറുടെ അപേക്ഷയോ ഫയലിൽ ഇല്ല .

ഓഡിറ്റ് അന്വേഷണത്തിനുള്ള (നം :11/19-20/11.11.21) മറുപടിയിൽ ആദ്യടെൺണ്ടർ ലഭിച്ച കോൺട്രാക്ടർ മരണപ്പെട്ടതിനാൽ മറ്റൊരു കോൺട്രാക്ടറെ ഏൽപ്പിച്ച് പ്രവർത്തി പൂർത്തീകരിക്കുയാണ് ചെയ്തതെന്ന് മറുപടി സമർപ്പിച്ചിട്ടുണ്ട്.

ഇത്തരം സന്ദർഭങ്ങളിൽ നടപടിക്രമങ്ങളുടെ രേഖകൾ ഫയലിൽ സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-20 | 08.11.2021 മുതൽ 23.11.2021 വരെ | അനുബന്ധം-1 കാണുക |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പദ്ധതികൾക്കായി ലഭിച്ച തുകയിൽ വിനിയോഗിച്ചതിന്റെയും ബാക്കി നിൽക്കുന്നതിന്റെയും വിശദാംശം ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 136812 | 73/20പാലിയോറ്റീവ് | 136664 | 148 |
| | 2019-20 | 113156 | 95/20-പാലിന് സബ്സിഡി 2018-19 | 113156 | - |
| | 2019-20 | 1615224 | 88/20-ലൈഫ് മിഷൻ രണ്ടാംഘട്ടം (ജനറൽ) | 1615224 | 0 |
| | 2019-20 | 464855 | 89/20 ലൈഫ് മിഷൻ രണ്ടാംഘട്ടം (എസ് സി പി) | 0 | 464855 |
| | 2019-20 | 880100 | 90/20-ലൈഫ് മിഷൻ (TSP) | 375400 | 504700 |
| | 2019-20 | 173077 | 309/20-സ്കോളർഷിപ്പ് | 173077 | - |
| | 2016-17 | 329800 | ഒ ഡി എഫ് | - | 329800 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 1997055 | 88/20-ലൈഫ് മിഷൻ രണ്ടാംഘട്ടം (ജനറൽ) | 1997055 | 0 |
| | 2019-20 | 78690 | 89/20-ലൈഫ് രണ്ടാംഘട്ടം (എസ് സി പി ) | 78690 | 0 |
| | 2019-20 | 289290 | 90/20ലൈഫ് രണ്ടാംഘട്ടം (ടി എസ് പി) | 0 | 289290 |
| | 2019-20 | 150000 | 309/20-അംഗ പരിമിതർക്ക് സ്കോളർഷിപ്പ് | 150000 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ /ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി-ഷൊർണ്ണൂർ | കുടിവെള്ള പൈപ്പ് ലൈൻനീട്ടൽ (326/20) | 21/19-20 /18.2.20 28.9.2019 | 450000 | - | 450000 |

| | | | | | |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി കാഞ്ഞിരപ്പുഴ | വാർഡ് -4 സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കൽ (327/20) | 18/19-20 /18.1.20 | 150000 | - | 150000 |
| | 300/20- വാർഡ് -17 ഇലക്ട്രിക്ക് പോസ്റ്റ് (300/20) | 21900823/ 22.12.2019 | 19997 | 197777 | 0 |
| | 128/20- ഇലക്ട്രിക്ക് പോസ്റ്റ് മാറ്റൽ | 19/19-20 /1.2.20 | 49945 | 49945 | 00 |
| | 129/20- ഇലക്ട്രിക്ക് ലൈൻനീട്ടൽ | 17/19-20 /10.12.19 | 100000 | 100000 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|---|
| | | | | | | മുതൽ | പലിശ | |
| ലൈഫ്- KURDFC വായ്പ | KURDFC/ / /2018 | 41540000 | 28640000 | 12900000 | 41540000 | 2779412 | - | 38760588 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 5,078/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | ഉദ്യോഗപ്പേരും | |
| 2002-03 | 3(1) | 5078 | ശ്രീ.ഉണ്ണി.കെ സെക്രട്ടറി | 119010900203/16.8.2019 |

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 99-2000 | 3(14) | 2006-07 | 3.66.3 | 34 ഗുണഭോക്താക്കൾക്ക് സബ്സിഡി മാനദണ്ഡം പാലിക്കാതെ പമ്പ് സെറ്റ് നൽകി, നഷ്ടം -114555 | സമിതിയുടെ പരിഗണനയിൽ |

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹138705529 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹98557834 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 4800 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹393660 |

(ബി). ഭാഗം-(1) ൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-31 | 4800 | അസി.എൻജിനിയർ, ശ്രീ.രാജൻ എൻ.എ |

| | | |
|---|---|---|
| ആകെ | 4800 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 393660 | അസി.സെക്രട്ടറി,ശ്രീ.സുരേഷ് .ടി |
| ആകെ | 393660 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ്നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അസി.എൻജിനിയർ, ശ്രീ.രാജൻ .എൻ.എ | റിട്ടയേർഡ് | "പുത്തൻ വീട് മണിക്കാശേരി(പിഒ), കോങ്ങാട്, പാലക്കാട് |
| ശ്രീ.സുരേഷ് .ടി, അസി.സെക്രട്ടറി | ജെ.എസ്.പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ്, മണ്ണാർക്കാട് | അരിമ്പ്ര, പൊറ്റശ്ശേരി, പാലക്കാട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്എ/പികെഡി9/225, തീയതി 13.03.18 | 6 |
| 1998-99 | കെ.എസ്എ/പികെഡി9/906/18 തീയതി 30.08.18 | 4 |
| 1999-2000 | എൽ.എഫ്.പി 9/834/07 തീയതി 02.02.17 | 12 |
| 2000-01 | എൽ.എഫ്.പി 9/ 837/2007 തീയതി 29.07.08 | 4 |
| 2001-02 | എൽ.എഫ്.പി 9/ 837/2007 തീയതി 29.07.08 | 6 |
| 2002-03 | എൽ.എഫ്.പി 9/ 834/2007 തീയതി 27.07.08 | 9 |
| 2003-04 | എൽ.എഫ്.പി9-862/2009/ 7-6-2009 | 1 |
| 2004-05 | എൽ.എഫ്.പി 9/256/08 തീയതി 02.02.19 | 4 |
| 2005-06 & | കെ.എസ്.എ-പികെഡി9-1761/ 7-10-2015 | 11 |

| | | |
|---|---|---|
| 2006-07 | | |
| 2007-08 | എൽ.എഫ്.പി 9/1518/11/തീയതി 16.12.11 | 3 |
| 2008-09 | എൽ.എഫ്.പി 9/1519/11 തീയതി 16.12.11 | 6 |
| 2009-10 & 2010-11 | കെ.എസ്എ/പികെഡി9/തീയതി 6.01.14 | 19 |
| 2011-12 | കെ.എസ്എ/പികെഡി/തീയതി 10.01.18 | 6 |
| 2012-13 | കെ.എസ്.എ-പികെഡി-9-1634/201/1-10-2015 | 4 |
| 2013-14& 2014-15 | കെ.എസ്എ/പികെഡി9/1286/17 തീയതി 8.05.18 | 15 |
| 2015-16 | കെ.എസ്എ/പികെഡി9/1286/17 തീയതി 8.05.18 | 3 |
| 2016-17 | കെ.എസ്എ/പികെഡി9/1010/18 തീയതി 8.11.18 | 16 |
| 2017-18 | കെ.എസ്എ/പികെഡി9/1395/2019 തീയതി 18.07.19 | 16 |
| 2018-19 | കെ.എസ്എ/പികെഡി-12/407/20 തീയതി 4.6.2020 | 22 |

അവശേഷിക്കുന്ന തടസ്സവാദങ്ങൾ തീർപ്പാക്കുന്നതിന് അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## 3

## വാർഷിക കണക്ക് സംക്ഷിപ്തം

| | | | |
|---|---|---|---|
| | Kanjirapuzha Grama Panchayat<br>INCOME & EXPENDITURE STATEMENT | | |
| | For the period from 01-April-2019 to 31-March-2020 | | |
| Code.N0 | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | 1-1 | 4629894.00 |
| 130000000 | Rental Income from Panchayat / Municipal Properties | 1-3 | 97992.00 |
| 140000000 | Fee & User Charges | 1-4(b) | 942667.00 |
| 150000000 | Sale & Hire Charges | 1-5(b) | 800897.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | 1-6 | 230215146.00 |
| 171000000 | Interest Earned | 1-8 | 890035.00 |
| 180000000 | Other Income | 1-9 | 7465.00 |
| | Total Income | | 237584096.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-IO(b) | 9129423.00 |
| 220000000 | Administrative Expenses | 1-11(b) | 1308026.00 |
| 230000000 | Operations & Maintenance | 1-12(b) | 1308135.00 |
| 240000000 | Interest & Finance Charges | 1-13 | 5894.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | 14 | 3115449.00 |
| 251000000 | Decentralised Plan Programme-Service Sector | I- 14(a) | 173297982.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I— 14(b) | 1910072.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | 1-14(c) | 355563.00 |
| 254000000 | Expenditures of Transfered Institutions and State Sponsored | I— 14(d) | 27472260.00 |

| | | | |
|---|---|---|---|
| | Schemes (not included under Decentralized Plan Programme) | | |
| 255000000 | Maintenance Projects | 1-14(e) | 12237885.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | 1-15(a) | 496355.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | 1-15 | 85000.00 |
| 272000000 | Depreciation | 1-17(a) | 5135854.00 |
| | Total Expenditure | | 235857898.00 |
| | Gross Surplus/ Deficit of income over Expenditure | | 1726198.00 |
| 280000000 | Prior Period Item | 1-18 | 4747.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 1721451.00 |
| 290000000 | Transfer to Reserve Funds | 1-18(a) | 0.0 |

| | | | |
|---|---|---|---|
| | Kanjirapuzha Grama Panchayat<br>RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2019 to 31-March-2020 | | |
| Code.N0 | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 40655536.00 |
| Cash | Cash | RP-40(a) | 215886.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 960210.00 |
| 130000000 | Rental income from Panchayat Properties | RP-3 | 0.0 |
| 140000000 | Fees & User Charges | | 768667.00 |
| 150000000 | Sale & Hire Charges | RP-5 | 800897.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 47907673.00 |
| 171000000 | Interest Earned | RP-9 | 890035.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 28410426.00 |
| 350000000 | Other Liabilities | RP-36 | 293448.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 7465.00 |
| 311000000 | Earmarked Funds | RP-29 | 7000.00 |
| 330000000 | Secured Loans | RP-32 | 12900000.00 |
| 340000000 | Deposits Received | RP-34 | 192067.00 |
| 350000000 | Other Liabilities | RP-36 | 275065.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3581110.00 |
| 460000000 | Loans, Advances and Deposits | RP-47 | 840044.00 |
| | Grand total | | 138705529.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3971335.00 |
| 220000000 | Administrative Expenses | RP-12 | 1071754.00 |

| | | | |
|---|---|---|---|
| 230000000 | Operations & Maintenance | RP-13 | 1169289.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 3115449.00 |
| 251000000 | Decentralised Plan Programme-Service Sector | RP- 16 | 42391264.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | 17 | 619210.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 355563.00 |
| | | | |

| | | | |
|---|---|---|---|
| | Kanjirapuzha Grama Panchayat<br>BALANCE SHEET | | |
| | For the period from 01-April-2019 to 31-March-2020 | | |
| Code.N0 | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | | 27447825.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund,ʳrrust or Agency Fund | | 9170.00 |
| 312000000 | Reserves | B-3 | 44304882.00 |
| | Total Reserve & Surplus | | 71761877.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | | 15323647.00 |
| | Total Grants, Contributions for Specific Purposes | | 15323647.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 38760588.00 |
| | Total Loans | | 38760588.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | | 808308.00 |
| 350000000 | Other Liabilities | | 1065052.00 |
| | Total Current Liabilities and Provisions | | 1873360.00 |
| | TOTAL LIABILITIES | | 127719472.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 69182380.00 |
| 411000000 | Accumulated Depreciation | B-11 | -26883368.00 |
| 412000000 | Capital Work in Progress | B-ll(a) | 0.0 |
| | Total Fixed Assets | | 42299012.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 100.00 |

| | | | |
|---|---|---|---|
| | Total Investments | | 100.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B — 14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 341448.00 |
| 440000000 | Pre-paid Expenses | B-16 | 38760588.00 |
| 450000000 | Cash and Bank Balance | B — 17 | 40147695.00 |